തിരിച്ചു വന്നതിന്റെ ആഹ്ലാദാരവങ്ങളായിരുന്നു അത്. എല്ലാ തിരുനാളുകളും ആനന്ദദായകം തന്നെ എങ്കിലും ആനന്ദങ്ങളുടെ അതിരുകൾ നാം തീരുമാനിക്കേണ്ടിയിരിക്കുന്നു. ആഘോഷങ്ങളുടെ അതിപ്രസരമാണ് നമ്മുടെ സമൂഹത്തിന്റെ പിന്നോക്കാവസ്ഥയ്ക്ക് ഒരു സുപ്രധാന കാരണമെന്നത് നാം മറന്നുകളയരുത്. ആഗതമാകുന്ന ക്രിസ്തുമസ്സ് സന്തോഷത്തിന്റെ നാളുകൾതന്നെ എങ്കിലും നമ്മുടെ സന്തോഷങ്ങൾക്ക് നിയന്ത്രണങ്ങൾ ഉണ്ടാവണം. ആഘോഷങ്ങളും സന്തോഷങ്ങളും ആരുടെയും സ്വകാര്യതകളല്ല. എല്ലാവർക്കും ഒരുപോലെ ആനന്ദിക്കുവാൻ കഴിയുന്നിടത്താണ് ആഘോഷങ്ങൾ പൂർണ്ണമാകുന്നത്. ആഘോഷങ്ങളുടെ പേരിലുള്ള അനാവശ്യചിലവുകളും ആഡംബരങ്ങളും നാം കുറക്കേണ്ടിയിരിക്കുന്നു. ഈ വർഷത്തെ ക്രിസ്തുമസ്സ് ആഘോഷങ്ങളിൽനിന്നും ലഹരി വസ്തുക്കളെ മാറ്റി നിർത്തുവാൻ നമുക്ക് പ്രതിജ്ഞയെടുക്കാം. ഇത് നമ്മുടെ സമൂഹത്തിന്റെ നന്മയ്ക്കും കുടുംബത്തിന്റെ ഉന്നമനത്തിനും കൂടി ഉപകരിക്കുന്ന ഒന്നായിരിക്കും. നമുക്കായി മനുഷ്യനായി പിറന്ന ദൈവത്തെ കണ്ടുമുട്ടുന്നതായിരിക്കും നമുക്ക് എല്ലാത്തിലും ഉപരിയായ സന്തോഷം. ആഘോഷങ്ങളുടെ അതിപ്രസരത്തിലൂടെ ദൈവകൃപകൾ നഷ്ടമാക്കാതിരിക്കുവാനായി നമുക്കു പരിശ്രമിക്കാം. കർത്താവിനെ ഹൃദയത്തിലും ഭവനത്തിലും സ്വീകരിക്കുവാൻ നമുക്ക് ആത്മീയമായി ഒരുങ്ങാം. അവിടുത്തെ കണ്ടാനന്ദിക്കുവാനുള്ള ഭാഗ്യം നമുക്കും ലഭിക്കുമാറാകട്ടെ. ✿

All Correspondence and the matters to be published in
THE LIGHT OF COCHIN may be addressed to:

**THE EDITOR**
**The Light of Cochin**
**Bishop's House, Fort Cochin- 682 001.**



# The Light of Cochin

**COCHIN DIOCESAN BULLETIN**

*Patron*
**Rt. Rev. Dr. John Thattumkal**
Bishop of Cochin

*Editor*
**Rev. Dr. Francis Kurisinkal**

*Circulation Manager*
**Rev. Fr. Xavier Chiramel**

**Vol. XXXVI** **DECEMBER 2007** **No. 12**



**ഈ ലക്കത്തിൽ** **പേജ്**

| | |
|---|---|
| പിതാവ് നമ്മോട് | 03 |
| പത്രാധിപക്കുറിപ്പ് | 05 |
| സർക്കുലർ | 06 |
| Course for the Ongoing formation of the priests | 20 |
| സെന്റ് ലൂയീസ് ദേവാലയം മുണ്ടംവേലി | 21 |
| ജൂബിലി വർഷചിന്തകൾ | 26 |
| ജൂബിലി വർഷപരിപാടികൾ - ഡിസംബർ | 27 |
| ജൂബിലിവർഷ രൂപത വാർത്തകൾ | 30 |

(For Private Circulation only)

Members Elected to the
Diocesan Committee of KLCA 33

പ്രീ-കാന കോഴ്സ് 33

ലിജീയൻ ഓഫ് മേരി 34

Bishop's Engagements 35

Bishop's Diary 39

പിന്നാമ്പുറം 40

Light of Cochin



പിതാവ് നമ്മോട്

# സ്നേഹത്തിന്റെ പിറവിയെടുക്കലാണ് ക്രിസ്തുമസ്

**ജൂ**ബിലി നിറവിലെ ക്രിസ്തുമസ് രാവ് ആഗതമാകുകയാണ്. യേശുക്രിസ്തു ലോകത്തിലേക്ക് കടന്നു വന്നത് ഒരു ജനതയ്ക്ക് വേണ്ടിയോ, ഒരു പ്രത്യേക കാലഘട്ടത്തിനു വേണ്ടിയോ അല്ല, മറിച്ച് ലോകത്തിലുള്ള സകല ജനത്തിനും ജീവൻ നൽകാനും അത് സമൃദ്ധമായി നൽകാനും വേണ്ടിയാണ് (Jn .10,10). നമ്മുടെ രൂപതയെ ഒത്തിരി സ്നേഹിക്കുന്ന ദൈവ പിതാവ് 450 വർഷം കൈ പിടിച്ചു നടത്തി എന്നത് വളരെയേറെ ആനന്ദം നൽകുന്ന കാര്യമാണ്. ഈ ജൂബിലി നിറവിലെ ക്രിസ്തുമസ്സിൽ ഓർക്കാനും ധ്യാനിക്കാനുമുള്ളത് സ്നേഹധനനായ പിതാവായ ദൈവത്തിന്റെ കരം പിടിച്ചുള്ള ഈ യാത്ര തന്നെയാണ്.

ദൈവസ്നേഹം, ദൈവാനുഗ്രഹം, സമാധാനം എന്നിവ ലോകത്തിന് സ്വന്തമാകുന്നത് ക്രിസ്തുവിലൂടെയാണ്. സുവിശേഷ സത്യങ്ങൾ നമുക്ക് പ്രദാനം ചെയ്യുന്നത് സ്നേഹത്തിന്റെ ഉൾവിളികൾ തന്നെയാണ്. വിശുദ്ധ ഗ്രന്ഥത്തിലുടനീളം നാം കണ്ടെത്തുന്നതും ഈ സ്നേഹത്തിന്റെ ഉൾവിളികൾ തന്നെയാണ്. വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനത്തിൽ വ്യക്തമാക്കുന്നത് ക്രിസ്തുമസ്സിന്റെ ചൈതന്യമാണ്. 1. നിങ്ങൾ ദൈവത്തിന്റെ സ്നേഹഭാജനങ്ങളാകാൻ വിളിക്കപ്പെട്ടവരാണ് (റോമ. 12, 7). 2. നമുക്ക് നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ചൊരിയപ്പെട്ടിരിക്കുന്നു (റോമ. 5, 5). 3. നമ്മുടെ കർത്താവായ

യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപ്പെടുത്താൻ ആർക്ക് സാധിക്കും.

പ്രപഞ്ചത്തെ മുഴുവൻ പാപാന്ധകാരത്തിൽനിന്ന് മോചിപ്പിച്ച് ദൈവസ്നേഹത്തിൽ എത്തിക്കാനാണ് മനുഷ്യരാശിയുടെ വഴിയും, സത്യവും ജീവനുമായ ക്രിസ്തു ചരിത്രത്തിൽ പ്രവേശിച്ചത്. മനുഷ്യവതാരത്തിനുള്ള കാരണം തേടുമ്പോൾ നാം എത്തി നിൽക്കുന്നത്, മനുഷ്യജീവിതത്തിന്റെ അർത്ഥവും, വ്യാപ്തിയും തേടിയുള്ള ജീവിതത്തിൽ, യാത്രയിൽ ക്രിസ്തു മാത്രമാണ് ഏക ഉത്തരം. ക്രിസ്തു മാത്രമാണ് അപരിമേയമായ ശക്തി. അപരിമേയമായ ശക്തിയിൽ അടിയുറച്ചു നിൽക്കാൻ നമ്മുടെ മനസ്സിനെ നിരന്തരം പാകപ്പെടുത്തേണ്ടതുണ്ട്.

ദൈവസ്നേഹത്തിന്റെ പിറവിയെടുക്കലാണ് ക്രിസ്തുമസ്. ബെത്‌ലെഹം, അതിന്റെ ആദ്യനാമം 'ബെത് - ലഹാമൂ' എന്നായിരുന്നു. ലഹാമൂദേവന്റെ വീട് എന്നായിരുന്നു. "ലഹാമൂ" ഒരു ബാബിലോണിയൻ ദേവനാണ്. എബ്രായർ കാനാൻകാരെ തുരുത്തി അവിടം കരസ്ഥമാക്കിയപ്പോൾ "ബെത്‌ലേഹം" അതായത് അപ്പത്തിന്റെ വീട് എന്നായി. അപ്പത്തിന്റെ വീടിനെ സ്നേഹത്തിന്റെ വീടാക്കി മാറ്റിയത് ക്രിസ്തുവാണ്. അപ്പമാകുവാനും അപ്പമേകുവാനും ക്രിസ്തു തയ്യാറാകുമ്പോൾ അന്വർത്ഥമാകുന്നത് കാത്തിരിപ്പാണ് - ജീവനുവേണ്ടിയുള്ള, സ്നേഹത്തിനുവേണ്ടിയുള്ള കാത്തിരിപ്പാണ്. അതുകൊണ്ടാണ് യോഹന്നാൻ അപ്പസ്തേലൻ പറഞ്ഞു വച്ചത് "ദൈവം സ്നേഹമാകുന്നു" (2 യോഹ. 4, 8).

പുൽത്തൊട്ടിയിലെ ഉണ്ണി യേശു ഈ ജൂബിലി ക്രിസ്തുമസിൽ നമുക്ക് നൽകുന്ന സന്ദേശമെന്താണ്? സ്നേഹത്തിന്റെ കൽപനയെ മുറുകെ പിടിക്കണം. എളിയ സഹോദരരിൽ ഉണ്ണിയെ ദർശിക്കണം. സ്നേഹത്തിന്റെ ഉൾവിളികൾ മനസ്സിലാക്കാനും, ഉണ്ണി യേശുവിനെ നിരന്തരം അറിയാനും, സ്നേഹിക്കാനും, വിശ്വസിക്കാനും ഈ ക്രിസ്തുമസ്സ് ഉപയുക്തമാകട്ടെ എന്നാശംസിക്കുന്നു.

✠ **ജോൺ തട്ടുങ്കൽ**







## പത്രാധിപക്കുറിപ്പ്

# ക്രിസ്തുവിനുവേണ്ടി ദാഹിക്കുന്നവർ

"**ആ**ദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെയായിരുന്നു" (യോഹ. 1, 1). വി. യോഹന്നാൻ സുവിശേഷം ആരംഭിക്കുന്നത് ഈ വാക്കുകളിലൂടെയാണ്. ആദിയിൽ ദൈവത്തോടുകൂടെയായിരുന്ന വചനം ദൃശ്യമാകുന്നത് മനുഷ്യാവതാരത്തിലാണ്. മനുഷ്യവതാരം വചനത്തിന് ദൃശ്യത നല്കിയെന്നു ചുരുക്കം. ആദിമുതലേ ഉണ്ടായിരുന്ന വചനം തന്നെയാണ്, കാലസമ്പൂർണ്ണതയിൽ സ്ത്രീയിൽനിന്ന് ജാതനാകുക വഴി ദൃശ്യമാകുന്നത്. അതുകൊണ്ടാണ് തന്റെ ഒന്നാമത്തെ ലേഖനത്തിൽ വി. യോഹന്നാൻ കുറിച്ചുവച്ചത്. "ആദി മുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ട് കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു" (1 യോഹ. 1, 1). വി. യോഹന്നാന്റെ സുവിശേഷത്തിലെ പ്രഥമവാചകവും അദ്ദേഹത്തിന്റെ തന്നെ ലേഖനത്തിലെ പ്രഥമ വാചകവും വലിയൊരു സത്യമാണ് വിളിച്ചു പറയുന്നത്. വചനത്തിന്റെ ദൃശ്യത മനുഷ്യാവതരത്തിലൂടെ സംഭവിച്ചു എന്ന യാഥാർത്ഥ്യം. വചനത്തെ കേൾക്കുവാനും കണ്ണുകൊണ്ട് കാണുവാനും സൂക്ഷിച്ചുവീക്ഷിക്കുവാനും കൈകൊണ്ടു സ്പർശിക്കുവാനും സാധ്യമായത് മനുഷ്യവതാരം മൂലമാണ്.

വചനത്തിന്റെ ദൃശ്യത മനുഷ്യവതാരത്തിലാണെങ്കിൽ, ക്രിസ്തുവിന്റെ ദൃശ്യത, ക്രിസ്ത്യാനിയിലാണ്, ക്രിസ്തു ശിഷ്യനിലാണ്. ക്രിസ്ത്യാനിയിൽ ക്രിസ്തുവിനെ കേൾക്കുവാനും കാണുവാനും സൂക്ഷിച്ചുവീക്ഷിക്കുവാനും സ്പർശിക്കുവാനും സാധിക്കണം. അപ്പോഴാണ് മനുഷ്യാസ്ഥിത്വം (Human Existence) ക്രിസ്തീയാസ്ഥിത്വമായി രൂപാന്തരപ്പെടുക (Christian Existence). ക്രിസ്ത്യാനിയെ ക്രിസ്തുവെന്നാണ് വി. അഗസ്തീനോസ് വിളിക്കുക.

പല തർക്കങ്ങളുടെയും ആരോപണങ്ങളുടെയും പിന്നിൽ ക്രിസ്തുവിന്റെ ദൃശ്യതയ്ക്കുവേണ്ടിയുള്ള മുറവിളി ഇല്ലേയെന്ന് സംശയം. ക്രിസ്തുവിനുവേണ്ടി ദാഹിക്കുന്ന ലോകമാണ് ഇത്. ക്രിസ്തുവിനെക്കൊണ്ടുമാത്രം തൃപ്തിപ്പെടുന്ന ലോകം. അതുകൊണ്ടുതന്നെ ക്രിസ്തുവിനെ കിട്ടാതെ അടങ്ങിയിരിക്കില്ല. കിട്ടുവോളം മുറവിളികൂട്ടിക്കൊണ്ടിരിക്കും. ഈ യാഥാർത്ഥ്യം തിരിച്ചറിയാനുള്ള വിജ്ഞാനവും വിവേകവുമാണ് നമുക്ക് ആവശ്യം.

മനുഷ്യാവതാരരഹസ്യാനുസ്മരണത്തിന്റെ പടിവാതിക്കൽ നില്കുമ്പോൾ മറക്കാതെ ചോദിക്കേണ്ട ചോദ്യമുണ്ട്. എന്റേത് ക്രിസ്തീയാസ്ഥിത്വമായി മാറിയിട്ടുണ്ടോ? അതോ ഇപ്പോഴും നാമക്രിസ്ത്യാനിയുടെ സ്ഥാനത്താണോ ?

ക്രിസ്തുമസ് വലിയ തുറവിയുടെ തിരുന്നാളാണ്. തുറവിയുള്ളവരായി മാറുവാനാണ് ക്രിസ്തുമസ് നമ്മളോട് ആവശ്യപ്പെടുന്നത്. സങ്കുചിതമാനോഭാവങ്ങൾ വെടിഞ്ഞ്, തുറവിയുള്ള മനസ്സും ഹൃദയവും രൂപപ്പെടുത്തുവാൻ നമുക്ക് സാധിക്കട്ടെ.

*ഏവർക്കും ക്രിസ്തുമസ് ആശംസകൾ...*

**എഡിറ്റർ**

# ആഗമനകാലം

സർക്കുലർ
LP / 12 / 2007

വന്ദ്യ വൈദികരെ, സന്യസ്തരെ, വത്സല മക്കളെ,

നമ്മുടെ നാഥനും രക്ഷകനുമായ യേശുവിന്റെ വരവിനായി ഒരുങ്ങുന്ന സമയമാണല്ലോ ആഗമനകാലം.

സഭയുടെ ആരാധനാക്രമവർഷത്തിന്റെ ആരംഭവും ആഗമനകാലത്തോടെയാണ്. യേശുവിനെ കണ്ടുമുട്ടുവാനും അടുത്തറിയുവാനും ആരാധനാക്രമവത്സരത്തിലെ ഓരോ കാലവും നമ്മെ സഹായിക്കുന്നു.

ആരാധനാക്രമവർഷം ഏറ്റവും നന്നായി വിനിയോഗിക്കുവാനും ക്രമപ്പെടുത്തുവാനും നമ്മെ സഹായിക്കുന്ന സമയം കൂടെയാണ് ആഗമനകാലം.

നമ്മുടെ രൂപതയെ സംബന്ധിച്ച് ഈ വർഷത്തെ ആഗമനകാലത്തിനു പ്രത്യേകതയുണ്ട്. രൂപതയുടെ ജൂബിലിവർഷത്തിലെ ആഗമനകാലമാണിത്.

നന്ദിനിറഞ്ഞ ഹൃദയത്തോടെയാണ് ഈ വർഷത്തെ ആഗമനകാലം ചെലവഴിക്കേണ്ടത്. യേശുവിലുള്ള വിശ്വാസം നമുക്ക് കൈ വന്നത് അഞ്ഞൂറിലധികം വർഷങ്ങൾക്കു മുമ്പ് നമ്മുടെ നാട്ടിൽ വന്ന് വിശ്വാസം നമ്മുടെ പൂർവ്വീകർക്കു കൈമാറിയ വിദേശ മിഷനറിമാരിലൂടെയാണ്. കാലഘട്ടങ്ങളുടെ ഭീഷണിയെ അതിജീവിച്ച് ഇന്നും അതിശക്തമായി വിശ്വാസജീവിതം നയിച്ചുകാണുന്നതിൽ വളരെ സന്തോഷവും നന്ദിയുമുണ്ട്.

പ്രതിസന്ധിനിറഞ്ഞ ഈ കാലഘട്ടത്തിൽ രൂപതയെ നയിക്കുവാനായി ബലഹീനനായ എന്നെയാണ് സർവ്വശക്തൻ ഏൽപിച്ചിരിക്കുന്നത്. ബലഹീനതയിലാണല്ലോ ദൈവത്തിന്റെ ശക്തി പ്രകടമാകുന്നത്. ആരംഭംമുതൽക്കേ ദൈവം എനിക്കു നൽകുന്ന പ്രചോദനമാണ് "ഒരുമിച്ച് മുന്നേറുക" എന്നത്. "എല്ലാവരും ഒന്നായിത്തീരണ"മെന്ന ആപ്തവാക്യത്തിന്റേയും അന്തരാർത്ഥം ഇതുതന്നെയാണ്. ഭിന്നിച്ചുനിന്നാൽ നമ്മെ മറ്റുള്ളവർ ഭരിക്കും. നാം അവർക്കു അടിമകളാകും, നമുക്ക്





ഒരുവിധത്തിലും വളരുവാൻ സാധിക്കുകയില്ല. കഴിഞ്ഞ കാല അനുഭവങ്ങൾ ഈ സത്യം നമ്മെ പഠിപ്പിക്കുന്നു. സംഘടിക്കുക, ശക്തരാകുക, ഒരുമയോടെ മുന്നേറുക ഇതുമാത്രമാണു ദൈവമക്കളായ നമുക്ക് കരണീയമായുള്ളത്.

നമ്മുടെ രൂപതയുടെ ഏറ്റവും വലിയ ശക്തി ഒരു ലക്ഷത്തി അറുപതിനായിരം വരുന്ന ദൈവജനത്തിന്റെ ശക്തിയാണ്. ഇവരിൽ ഏറ്റവും വലിയ പങ്കും അൽമായ സഹോദരരുടേതാണ്.

വളരെ ഉത്കൃഷ്ടമായ ഒരു അൽമായ സമൂഹമാണ് കൊച്ചി രൂപതയ്ക്കുള്ളത്. രൂപതാ തനയരായ എല്ലാവരേയും ഒരുമയോടെ ജീവ നിറവിലേക്കു നയിക്കുക എന്ന ലക്ഷ്യം നിറവേറ്റുന്നതിന് നിങ്ങളുടെ എല്ലാവരുടേയും സഹായവും സഹകരണവും എനിക്കാവശ്യമാണ്.

കഴിഞ്ഞ നവംബർ 11-ാം തിയതി Gama Heritage Centre-ൽ വച്ച് നടന്ന Professionals-ന്റെ യോഗത്തിൽ പറഞ്ഞ കാര്യങ്ങൾ ഇന്ന് എല്ലാവരോടുമായി പറയുകയാണ്, നിങ്ങളെ കൂടാതെ എനിക്ക് ശക്തിയില്ല. രൂപതയെ ജീവനിറവിലേക്കു നയിക്കുന്നതിനു ദൈവം എനിക്കു തന്ന ശക്തി നിങ്ങളാണ്. നിങ്ങളുടെ ഓരോരുത്തരുടേയും സഹായവും സഹകരണവും എനിക്കാവശ്യമാണ്.

നമ്മുടെ രൂപതയിലെ എല്ലാ ഉദ്യോഗസ്ഥരേയും ഒന്നുചേർത്ത് രൂപതയുടെ സമഗ്രമായ പുരോഗതിക്കായുള്ള പ്രവർത്തനമാണ് നടന്നുവരുന്നത്. മാദ്ധ്യമരംഗത്തു പ്രവർത്തിക്കുന്നവർ, ആരോഗ്യ പരിരക്ഷാരംഗത്തു പ്രവർത്തിക്കുന്നവർ, ഗവൺമെന്റു ഉദ്യോഗസ്ഥർ, വ്യാപാരവ്യവസായ പ്രമുഖർ, ശാസ്ത്ര സാങ്കേതിക വിദഗ്ദ്ധർ, നിയമ വിദഗ്ദ്ധർ, എൻജിനീയർമാർ തുടങ്ങിയ ഏഴു ഉപവിഭാഗങ്ങളിലായി നമ്മുടെ സമുദായത്തിന്റെ ശാക്തീകരണത്തിനുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുവാൻ പരിശ്രമിക്കുകയാണ്. ദശവത്സരപദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ നമ്മൾ ഉദ്ദേശിക്കുന്നത് സമുദായ ശാക്തീകരണമാണ്. ഒരുമയോടെ ജീവനിറവിലേക്കു മുന്നേറുവാൻ ഈ ശാക്തീകരണം ആവശ്യവുമാണ്.

ഇന്നത്തെ സാമൂഹ്യ രാഷ്ട്രീയ അന്തരീക്ഷം ക്രൈസ്തവരായ നമുക്ക് പല പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ടാക്കുന്നുണ്ട്. വിശ്വാസം പരീക്ഷിക്കപ്പെടുന്നുണ്ട്. വ്യക്തമായ ധാരണയോടും ഐക്യത്തോടും കൂടെ മുന്നേറിയില്ലെങ്കിൽ നമ്മൾ കൂടുതൽ ദുരിതങ്ങളും പ്രതിസന്ധികളും നേരിടേണ്ടിവരും എന്ന അവബോധം നമ്മൾക്കുണ്ട്. കാലത്തിന്റെ അടയാളങ്ങളെ തിരിച്ചറിയുവാനും ക്രീയാത്മകമായി പ്രതികരിക്കുവാനും നമുക്ക് സാധിക്കണം. നാടിന് വരുന്ന പുരോഗതിയിൽ അർഹമായ പങ്ക് നമ്മുടെ സമുദായത്തിന് ലഭിക്കുന്നതിന് ഉചിതമായ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

യേശുവിന്റെ ആഗമനത്തോടെ മനുഷ്യകുലത്തിന് ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ഏശയ്യാ പ്രവാചകൻ പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്.

"പീഢിതരെ സദ്വാർത്ത അറിയിക്കുന്നു
ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കുന്നു
തടവുകാരെ മോചിപ്പിക്കുന്നു
ബന്ധിതരെ സ്വതന്ത്രരാക്കുന്നു
വിലപിക്കുന്നവർക്ക് സമാശ്വാസം നൽകുന്നു (Is. 61:1-3)

മിശിഹായുടെ ആഗമനത്താലുണ്ടാകുന്ന നേട്ടങ്ങൾ നമ്മുടേതാക്കുവാനുള്ള പരിശ്രമവും ആഗമനകാലത്ത് നാം ചെയ്യേണ്ടതാണ്.

ആയതിനാൽ ഈ വർഷത്തെ ആഗമനകാലം നമ്മെ കൂടുതൽ കർമ്മോത്സുകരും ഐക്യത്തിന്റെ പ്രവർത്തികളിൽ തൽപ്പരരും ആക്കട്ടെയെന്നാശംസിക്കുന്നു. സ്വാഭാവികമായും നമ്മളിൽ അന്തർലീനമായിരിക്കുന്ന "ഒതുങ്ങിക്കൂടൽ" സ്വഭാവത്തിൽനിന്നും "ഒത്തുകൂടൽ" സ്വഭാവത്തിലേക്ക് വളരുവാൻ പരിശ്രമിക്കണം. ദൈവരാജ്യം ഭൂമിയിൽ സ്ഥാപിതമാകണമെന്ന യേശുവിന്റെ സ്വപ്നം സാക്ഷാൽക്കരിക്കുവാൻ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. പലതലങ്ങളിലുമുള്ള പിന്നോക്കാവസ്ഥയെ അതിജീവിക്കേണ്ടിയിരിക്കുന്നു.





സമയബന്ധിതമായി പലതും ചെയ്യേണ്ടിയിരിക്കുന്നു. വലിയ പ്രതീക്ഷയോടെ സമാരംഭിച്ചതും നന്നായി തുടർന്നു പോകുന്നതുമായ ദശവത്സര പദ്ധതിയുടെ രണ്ടാം ഘട്ടം നമ്മൾ ഒരുമയോടെ വിജയിപ്പിക്കേണ്ടതുമുണ്ട്. സമുദായശാക്തീകരണമാണ് ഈ രണ്ടാം ഘട്ടത്തിന്റെ പ്രധാന അജണ്ട. ഈ സംരംഭം വിജയിപ്പിക്കുന്നതിനും അതുവഴി രൂപതയിലെ എല്ലാവർക്കും നേട്ടങ്ങൾ കൈവരിക്കുന്നതിനും നിങ്ങളുടെ ഏവരുടേയും സഹായസഹകരണങ്ങൾ ഉണ്ടാവണം.

വചനവർഷം ആയി ആഗോള കത്തോലിക്കാസഭ വരും വർഷത്തെ ആഘോഷിക്കുകയാണല്ലോ. തിരുവചനത്തിൽ കേന്ദ്രീകൃതമായ ഒരു സമുദായശാക്തീകരണം ഉണ്ടാവണം എന്നതാണു എന്റെ ആഗ്രഹം. ദൂർത്തും ആർഭാടങ്ങളും ഒഴിവാക്കി, മദ്യത്തിനും മറ്റുമായി ചെലവിടുന്ന ഭീമമായ സമ്പത്ത് കുടുംബത്തിന്റേയും സമുദായത്തിന്റേയും നന്മക്കും, ശാക്തീകരണത്തിനുമായി വിനിയോഗിക്കുവാനുള്ള വിശാല മനസ്കത ഉണ്ടാവണം എന്നുകൂടെ ഓർമ്മപ്പെടുത്തുകയാണ്.

യേശു നമ്മുടെ കുടുംബത്തിൽ പ്രവേശിക്കുമ്പോഴുണ്ടാകുന്ന മാറ്റത്തെക്കുറിച്ച് സഖേവൂസിന്റെ മാനസാന്തരത്തെക്കുറിച്ചുള്ള വിവരണത്തിൽ സുവിശേഷം വ്യക്തമാക്കുന്നു "ഇന്ന് ഈ കുടുംബത്തിനു രക്ഷ കൈവന്നിരിക്കുന്നു" (ലൂക്ക. 19:9) എന്ന് യേശുതന്നെ പറയുന്നുണ്ട്. ക്രിസ്തുമസ് നമുക്കും രക്ഷയുടെ അനുഭവമാകണം, മോചനത്തിന്റെ കാഹളമാവണം. കുടുംബത്തിൽ മാത്രമല്ല, ഇടവക സമൂഹങ്ങളിലും, രൂപതയിലും, രൂപതയിലെ എല്ലാ മനുഷ്യഹൃദയങ്ങളിലും രക്ഷകനായ യേശുവിന്റെ സാന്നിദ്ധ്യത്താൽ രക്ഷ കൈവന്നിരിക്കുന്നു എന്ന അനുഭവത്തിലേക്ക് നമ്മെ ഏവരേയും ഈ ആഗമനകാലവും, അതിന്റെ സമാപ്തിയായ ക്രിസ്തുമസ്സും പ്രാപ്തരാക്കട്ടെ എന്നാശംസിച്ചുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ടും നിങ്ങളെ ഏവരേയും ത്രിയേക ദൈവ നാമത്തിൽ ആശീർവ്വദിക്കുന്നു.

എന്ന്,
സ്നേഹപൂർവ്വം,

✠ **ജോൺ തട്ടുങ്കൽ**
കൊച്ചി മെത്രാൻ

# കേരളസഭ 2008 ദൈവവചന വർഷമായി ആചരിക്കുന്നതിനോടനുബന്ധിച്ച് കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ചെയർമാൻ പുറപ്പെടുവിക്കുന്ന

# സർക്കുലർ

കർത്താവായ യേശുവിൽ പ്രയപ്പെട്ടവരേ,

2008 കേരളസഭ ദൈവവചന വർഷമായി ആചരിക്കുകയാണല്ലോ. ദൈവസാന്നിദ്ധ്യത്തിന്റെ സജീവ അടയാളമായി വചനത്തെ അവതരിപ്പിക്കുകയാണ് വചനവർഷാചരണത്തിന്റെ ലക്ഷ്യം. നാമോരേരുത്തരുടെയും അനുദിന ജീവിതത്തിൽ വചനത്തിനുള്ള പ്രാധാന്യവും പ്രസക്തിയും ഒന്നുകൂടി ആഴമായി മനസ്സിലാക്കുവാനും കേരളസഭയിൽ വചനത്തിന്റെ സ്വാധീനം എത്രമാത്രം സജീവവും ഊർജ്ജസ്വലവുമാണെന്ന് വിലയിരുത്തുവാനും ഇന്നു നാം നേരിടുന്ന എല്ലാ പ്രശ്നങ്ങൾ ക്കും ഉത്തരമായി ദൈവവചനത്തെ ഉൾക്കൊള്ളുവാനും നമുക്കു ലഭിക്കുന്ന ഒരു സുവർണ്ണാവസരമാണിത്.

## ദൈവവചന വർഷാതരണത്തിന്റെ പശ്ചാത്തലം

ആഗോളസഭയെ സംബന്ധിച്ചിടത്തോളം 2008-ൽ ദൈവവചനവുമായി ബന്ധപ്പെട്ട ഒരു സുപ്രധാന സംഭവത്തിന് റോം വേദിയാവുകയാണ്. 2008 ഒക്ടോബർ മാസം 5 മുതൽ 20 വരെയുള്ള തീയതികളിൽ റോമിൽ വച്ചു നടക്കുന്ന മെത്രാന്മാരുടെ സിനഡാണ് ഈ സുപ്രധാന സംഭവം. എല്ലാ പ്രാദേശിക സഭകളിൽനിന്നും പ്രതിനിധികൾ പങ്കെടുക്കുന്ന സിനഡിന്റെ ചർച്ചാവിഷയമായി നിർദ്ദേശിച്ചിരിക്കുന്നത് "ദൈവവചനം സഭയുടെ ജീവിതത്തിലും ദൗത്യത്തിലും" എന്നതാണ്. ഈ പശ്ചാത്തലത്തിലാണ് 2008 ദൈവവചന വർഷമായി ആചരി





ക്കണമെന്ന് കേരള മെത്രാൻ സമിതി തീരുമാനിച്ചത്. വചനത്തെക്കുറിച്ചുള്ള കേരളസഭയുടെ ആഗ്രഹാഭിലാഷങ്ങൾ അവതരിപ്പിച്ചുകൊണ്ട് സിനഡിലെ ചർച്ചകളെ ഫലപ്രദമായ രീതിയിൽ സഹായിക്കുവാനും സഭാപിതാക്കന്മാരോടൊത്തു ചിന്തിക്കുവാനും സിനഡിന്റെ തീരുമാനങ്ങൾ ഉൾക്കൊള്ളുവാനും ജീവിതത്തിൽ പകർത്തുവാനും ഈ ദൈവവചന വർഷാചരണം നമ്മെ സംബന്ധിച്ചിടത്തോളം ഒരു നല്ല ഒരുക്കമായിരിക്കും. രൂപത-ഇടവക-കുടുംബ-വ്യക്തി തലങ്ങളിൽ വചനത്തിന് പ്രാമുഖ്യം നൽകുന്ന വിവിധ പരിപാടികൾ നടപ്പിലാക്കിക്കൊണ്ടായിരിക്കും നാം ഈ ദൈവവചനവർഷം ആചരിക്കുന്നത്.

## ദൈവവചന വർഷത്തിന്റെ ആപ്തവാക്യം

കേരളസഭ ദൈവവചന വർഷത്തിന്റെ ആപ്തവാക്യമായി സ്വീകരിച്ചിരിക്കുന്നത് "ദൈവവചനം ജീവന്റെ നിറവിന്" എന്നതാണ്. "ഞാൻ നിങ്ങളോട് പറഞ്ഞ വചനങ്ങൾ ആത്മാവും ജീവനുമാണ്" (യോഹ. 6:63) എന്നരുൾ ചെയ്ത യേശു തുടർന്ന് അരുൾചെയ്യുന്നത്, അവിടുന്ന് വന്നിരിക്കുന്നത് നമുക്കു ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനും വേണ്ടിയാണ് എന്നാണല്ലോ (cfr. യോഹ. 10, 10). ദൈവവചന വർഷാചരണത്തിലൂടെ അറിവിനെ അതിശയിക്കുന്ന ക്രിസ്തുവിന്റെ സ്നേഹം ഗ്രഹിക്കുവാനും അതുവഴി ദൈവത്തിന്റെ സമ്പൂർണ്ണതയാൽ പൂരിതരാകുവാനും നമുക്കു കഴിയണം (cfr. എഫേ. 3, 19). വചനാധിഷ്ഠിതജീവിതത്തിനാവശ്യമായ മൂന്നു സുപ്രധാന കാര്യങ്ങൾ എല്ലാവരുടെയും മനസ്സിൽ പതിപ്പിക്കുവാനാണ് ഈ ആപ്തവാക്യത്തിലൂടെ നാം ലക്ഷ്യം വയ്ക്കുന്നത്; അതായത്, വചനം സ്വീകരിക്കുക, വചനം ജീവിക്കുക, വചനം പങ്കുവയ്ക്കുക.

## ദൈവവചനം സ്വീകരിക്കുക

നമ്മിൽ ഓരോരുത്തരോടുമുള്ള ദൈവത്തിന്റെ അനന്തവും അവാച്യവുമായ സ്നേഹം നിറഞ്ഞു തുളുമ്പുന്നതാണ് ദൈവവചനം. രണ്ടാം വത്തിക്കാൻ സുനഹദോസ് പഠിപ്പിക്കുന്നതു

പോലെ "വിശുദ്ധ ഗ്രന്ഥത്തിലൂടെയാണ് സ്വർഗ്ഗസ്ഥനായ പിതാവ് തന്റെ മക്കളെ അതീവ സ്നേഹത്തോടെ ഉറ്റുനോക്കുന്നതും അവരുമായി സംഭാഷണം ചെയ്യുന്നതും" (D.V. 21). ലിസ്യൂവിലെ വിശുദ്ധ കൊച്ചു ത്രേസ്യ തന്റെ സ്വയം കൃതചരിത്രത്തിൽ ദൈവവചനത്തെ കുറിച്ച് ഇപ്രകാരം എഴുതി : "എന്റെ പാവപ്പെട്ട ആത്മാവിന് ആവശ്യമായതെല്ലാം ഞാൻ അതിൽ കണ്ടെത്തുന്നു. അതിൽ നിന്ന് എപ്പോഴും പ്രകാശകിരണങ്ങളും മറഞ്ഞിരിക്കുന്നവയും വിശുദ്ധങ്ങളുമായ അർത്ഥങ്ങളും എനിക്ക് വെളിപ്പെടുന്നു."

ദൈവിക രഹസ്യങ്ങൾ നമുക്കു വെളിപ്പെടുത്തി തരുന്ന വിശുദ്ധ ഗ്രന്ഥം നമ്മുടെ ആത്മീയ ജീവിതത്തിന്റെ പോഷണമാണ്. വിശ്വസിക്കുന്ന എല്ലാവർക്കും സന്തോഷവും സമാധാനവും സൗഖ്യവും നല്കി അവരെ രക്ഷയിലേക്ക് നയിക്കാനുള്ള ദൈവിക ശക്തി നിറഞ്ഞതാണ് ദൈവവചനം. ദൈവത്തിന്റെ അധരങ്ങളിൽനിന്ന് പുറപ്പെടുന്ന ഒരു വാക്കുപോലും ഫലരഹിതമായി പോകുന്നില്ല; ദൈവം കല്പിക്കുന്നതെല്ലാം വചനത്തിലൂടെ നിറവേറുന്നു (cfr. ഏശ. 55, 11). "സ്നേഹപിതാവായ ദൈവം തന്റെ മക്കൾക്കയച്ച കത്ത്" എന്ന് സഭാപിതാക്കന്മാർ വിശേഷിപ്പിക്കുന്ന വിശുദ്ധ ഗ്രന്ഥം കൂടുതൽ ഉത്സാഹത്തോടെ ഭക്തിനിർഭരമായ രീതിയിൽ വായിക്കാനും പഠിക്കാനും നമുക്കു കഴിയണം. "ദൈവവചനം സമീപസ്ഥമാണ്. എടുത്തു വായിക്കുക" (റോമ. 10, 8) എന്നാണല്ലോ വിശുദ്ധ പൗലോസ് നമ്മെ ഉദ്ബോധിപ്പിക്കുന്നത്.

ഇക്കാരണങ്ങളാൽ ഓരോ വ്യക്തിയെയും അഭിസംബോധന ചെയ്തുകൊണ്ട് എഴുതിയിരിക്കുന്ന ദൈവത്തിന്റെ ഈ സ്നേഹസന്ദേശം നമ്മിൽ ഓരോരുത്തരുടെയും കൈകളിലെത്തണം. സ്വന്തമായി ഒരു ബൈബിൾ ഉണ്ടായിരിക്കുക, അതുവായിച്ചും പഠിച്ചും അതിലെ സന്ദേശം ഉൾക്കൊള്ളുക എന്നത് ഓരോ വ്യക്തിയുടെയും അവകാശവും കടമയുമാണ്.

## വചനം ജീവിക്കുക

ഇന്ന് വചനം കേൾക്കുന്നവരുടെ സംഖ്യയ്ക്ക് കുറവൊന്നുമില്ല. വഴിയരികിലും പാറപ്പുറത്തും മുള്ളുകളുടെ ഇടയിലും





വീണ വിത്ത് സന്തോഷപൂർവ്വം സ്വീകരിച്ച വചനത്തെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ ഫലം പുറപ്പെടുവിക്കുവാൻ സാഹചര്യങ്ങൾ അതിനെ അനുവദിക്കുന്നില്ല. ഏശയ്യാ പ്രവാചകന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് വെറും ഉപരിപ്ലവമായ രീതിയിൽ വചനത്തെ സ്വീകരിക്കുന്നവരെ യേശു ഇപ്രകാരം ശാസിക്കുന്നു : "നിങ്ങൾ തീർച്ചയായും കേൾക്കും, എന്നാൽ മനസ്സിലാക്കുകയില്ല; നിങ്ങൾ തീർച്ചയായും കാണും, എന്നാൽ ഗ്രഹിക്കുകയില്ല, അവർ കണ്ണുകൊണ്ട് കണ്ട്, കാതുകൊണ്ട് കേട്ട്, ഹൃദയംകൊണ്ട് മനസ്സിലാക്കി, മാനസാന്തരപ്പെടുകയും ഞാൻ അവരെ സുഖപ്പെടുത്തുകയും ചെയ്യുക അസാദ്ധ്യമാകുമാറ് ഈ ജനതയുടെ ഹൃദയം കഠിനമായി തീർന്നിരിക്കുന്നു" (മത്താ. 13, 14-15). വീണ്ടും യേശു ചോദിക്കുന്നു: "നിങ്ങൾ എന്നെ കർത്താവേ കർത്താവേ എന്നു വിളിക്കുകയും ഞാൻ പറയുന്ന കാര്യങ്ങൾ പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട് ? എന്റെ അടുത്തു വന്ന് എന്റെ വചനം കേൾക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവൻ ആർക്ക് സദൃശ്യനാണെന്ന് ഞാൻ വ്യക്തമാക്കാം. ആഴത്തിൽ കുഴിച്ച് പാറമേൽ അടിസ്ഥാനമിട്ട് വീടുപണിത മനുഷ്യനാണ് അവൻ" (ലൂക്കാ. 6, 46-48).

അതുകൊണ്ട് വചനം സ്വീകരിച്ചാൽ മാത്രം പോരാ; പൗലോസ് അപ്പോസ്തലൻ നമ്മെ ഉദ്ബോധിപ്പിക്കുന്നതുപോലെ ക്രിസ്തുവിന്റെ വചനത്തിന്റെ പ്രഥമ പാഠങ്ങൾ പിന്നിട്ട് പക്വതയിലേക്ക് വളരാൻ നമുക്കു കഴിയണം (cfr. ഹെബ്രാ. 6, 1). അതായത്, നാം സ്വീകരിക്കുന്ന വചനം നമ്മിൽ ആഴ്ന്നിറങ്ങി നമ്മുടെ ചിന്തയുടെ ഭാഗമായിത്തീരുകയും തീരുമാനങ്ങളെ സ്വാധീനിച്ച് വാക്കിലും പ്രവൃത്തിയിലും പ്രതിഫലിക്കുകയും വേണം. സങ്കീർത്തകനെപ്പോലെ ദൈവത്തിനെതിരായി പാപം ചെയ്യാതിരിക്കാൻ അവിടുത്തെ വചനങ്ങൾ ഹൃദയത്തിൽ സൂക്ഷിക്കാൻ നമുക്കു കഴിയണം (cfr. സങ്കീ. 119, 11). ഈ വചനം നേരായ രീതിയിൽ നമുക്ക് വ്യാഖ്യാനിച്ചുതരാൻ മാതാവും ഗുരുനാഥനുമായി ദൈവം നമുക്കു നിർദ്ദേശിച്ചു തന്നിരിക്കുന്നത്

സഭയെയാണ്; അതുകൊണ്ട് സഭയോടൊത്ത് ചിന്തിക്കുവാനും സഭയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സ്വീകരിക്കുവാനും നാം ശ്രദ്ധിക്കണം. അപ്പോൾ വചനം ആത്മീയ ശക്തിയുടെ സ്രോതസ്സായി മാറുന്നത് നമുക്ക് അനുഭവവേദ്യമാകും.

മാംസം ധരിച്ച വചനമാണ് യേശു. ശാഖകൾ മുന്തിരിച്ചെടിയിലെന്നപ്പോലെ നാം യേശുവിൽ വസിക്കുമ്പോഴാണ് ഈ വചനം നമ്മിലും മാംസമായി തീരുന്നത്; അതിലൂടെയാണ് വചനം ജീവിക്കുവാൻ നമുക്കു കഴിയുന്നത്. പ്രാർത്ഥനയാണല്ലോ നമ്മെ ദൈവവുമായി, യേശുവുമായി ഒന്നിപ്പിക്കുന്നത്. ദൈവത്തെ ആഴത്തിൽ അനുഭവിക്കുവാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന വിശുദ്ധ ഗ്രന്ഥം ഒരു പ്രാർത്ഥനാഗ്രന്ഥം കൂടിയാണ്. ഫലപ്രദമായ രീതിയിൽ പ്രാർത്ഥിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളോടൊപ്പം പൂർവ്വപിതാക്കന്മാരുടെയും യേശുവിന്റെയും അപ്പോസ്തലന്മാരുടെയും ധാരാളം പ്രാർത്ഥനകൾ ഉൾക്കൊള്ളുന്നതാണ് വിശുദ്ധ ഗ്രന്ഥം. പ്രാർത്ഥനാപൂർവ്വമായ ബൈബിൾ പാരായണത്തിലൂടെ വചനം മാംസമായ യേശുവിനെ അനുഭവിച്ചറിയുകയും അവിടത്തെ ചൈതന്യം കൊണ്ട് നിറയുകയും ചെയ്യുമ്പോഴാണ് നാം സ്വീകരിക്കുന്ന വചനം നമ്മിൽ ജീവിക്കുന്ന വചനമായിത്തീരുന്നത്.

## വചനം പങ്കുവയ്ക്കുക

എല്ലാക്കാലത്തും എല്ലാ സ്ഥലത്തുമുള്ള എല്ലാ മനുഷ്യർക്കും വേണ്ടിയുള്ള സ്നേഹസന്ദേശം ഉൾക്കൊള്ളുന്നതാണ് ദൈവത്തിന്റെ വചനം. ഈ വചനം സ്വീകരിക്കുന്നവരെല്ലാം അത് മറ്റുള്ളവരുമായി പങ്കുവയ്ക്കണം. വചനം സ്വീകരിക്കുകയും ജീവിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുമ്പോഴാണ് ശിഷ്യത്വം പൂർണ്ണമാകുന്നത്. യേശു തന്റെ ശിഷ്യന്മാരെ തെരഞ്ഞെടുത്തത് "തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കപ്പെടുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നല്കുന്നതിനും" വേണ്ടിയാണ് (മാർക്ക്. 3, 14-15). സ്വർഗ്ഗാരോഹണത്തിനു മുമ്പ് യേശു ശിഷ്യന്മാരോട് കല്പിച്ചു: "നിങ്ങൾ





ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മാർക്ക്. 16, 15). സുവിശേഷം നല്കുന്ന സന്തോഷം പൂർണ്ണമാകണമെങ്കിൽ അതു നാം മറ്റുള്ളവരുമായി പങ്കുവയ്ക്കണം (cfr. യോഹ. 1, 4). ഈ സന്തോഷം അനുഭവിക്കുന്നവർ എത്ര വലിയ പ്രതിസന്ധിയുടെ മദ്ധ്യത്തിലും വചനം പ്രഘോഷിക്കുവാൻ നിർബന്ധിതരായിത്തീരും. അതുകൊണ്ട് താക്കീതുകളൊന്നും വക വയ്ക്കാതെ പത്രോസും യോഹന്നാനും യഹൂദ ന്യായാധിപ സംഘത്തോട് ഇപ്രകാരം പറഞ്ഞത് : "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കുവാൻ ഞങ്ങൾക്കു സാധ്യമല്ല" (അപ്പ. പ്രവ. 4, 20). ഇതുതന്നെയാണ് "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1 കോറി. 9, 16) എന്നു പറയുവാൻ പൗലോസിനെയും പ്രേരിപ്പിച്ചത്.

വചനത്തെക്കുറിച്ച് വേണ്ടത്ര അറിവ് ഇനിയും ലഭിച്ചിട്ടില്ലാത്തവർക്ക് ദൈവത്തിന്റെ ഈ സ്നേഹസന്ദേശം എത്തിച്ചുകൊടുക്കുന്നതിനെക്കാൾ മഹനീയമായ മറ്റൊരു സേവനമില്ല. വചന വർഷത്തിൽ ഇനിയും സ്വന്തമായി ബൈബിളില്ലാത്ത കുടുംബങ്ങൾക്ക് ബൈബിൾ സമ്മാനമായി നല്കുവാൻ സന്മനസ്സുള്ളവരെല്ലാം മുന്നോട്ടു വരണം; പാവങ്ങൾക്ക് ഒരു നിശ്ചിത ശതമാനം ബൈബിൾ വില കുറച്ചോ സൗജന്യമായോ നല്കുവാൻ വേണ്ട പദ്ധതികൾ ആവിഷ്കരിക്കാൻ രൂപതകളും ഇടവകകളും ശ്രദ്ധിക്കണം.

സുവിശേഷ പ്രഭാഷണം, മതബോധനം, സാഹിത്യ സൃഷ്ടികൾ, കലാരൂപങ്ങൾ എന്നീ പരമ്പരാഗത മാധ്യമങ്ങളോടൊപ്പം തന്നെ ആധുനിക വാർത്താവിനിമയ മാദ്ധ്യമങ്ങളായ റേഡിയോ, ടെലിവിഷൻ, സിനിമ, ഇന്റർനെറ്റ് തുടങ്ങിയവയിലൂടെയുള്ള സുവിശേഷത്തിന്റെ ആനുകാലികാവിഷ്കരണത്തിന് അർഹിക്കുന്ന പ്രാധാന്യം നാം നല്കേണ്ടിയിരിക്കുന്നു. ഇങ്ങനെ കാലത്തിനൊത്തു മുന്നോട്ടു പോകുവാനും എപ്പോഴും "പുരമുകളിൽനിന്നും" സുവിശേഷം പ്രസംഗിക്കുവാനും നമുക്കു കഴിയണം.

## ദൈവവചന വർഷാചരണ പരിപാടികൾ

ആദിമ സഭയിൽ സംഭവിച്ചതുപോലെ സുവിശേഷം സ്വീകരിക്കുവാൻ ഭാഗ്യം ലഭിച്ച യേശുവിന്റെ ശിഷ്യന്മാർ ദൈവ വചനശുശ്രൂഷയിൽ ഉപേക്ഷ കാണിച്ച് ഭക്ഷണമേശ ഒരുക്കു ന്നതിൽ കൂടുതൽ താത്പര്യം കാണിക്കുന്നുവെന്ന പരാതി ഇന്നും കേൾക്കാറുണ്ട് (cfr. അപ്പ. 6, 2). അത്യാധുനികമായ ശാസ്ത്രസാങ്കേതിക വിദ്യകളുപയോഗിച്ച് പുരോഗമിക്കുവാൻ ശ്രമിക്കുമ്പോൾ പലപ്പോഴും നാം അറിഞ്ഞോ അറിയാതെയോ വചനശുശ്രൂഷയിൽനിന്ന് വ്യതിചലിച്ചു പോകാറുണ്ട്; വെറും ഭൗതികമായ കാഴ്ചപ്പാടുകളിലും ലക്ഷ്യബോധമില്ലാത്ത സ്ഥാപനവത്കരണത്തിലും മുഴുകിപ്പോകാറുണ്ട്. ഈ വചന വർഷാചരണം കേരളസഭയെ സംബന്ധിച്ചിടത്തോളം ആത്മാർത്ഥ മായ ഒരു ആത്മപരിശോധനയുടെ അവസരമായിരിക്കണം. വചനത്തെ അതർഹിക്കുന്ന കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിക്കു വാനും വചനം നല്കുന്ന വെളിച്ചത്തിൽ എല്ലാറ്റിനെയും നോക്കിക്കാണുവാനും നമുക്കു കഴിയണം. സഭയെയും സഭാധി കാരികളെയും താറടിക്കുകയും നശിപ്പിക്കുകയും ചെയ്യാനൊരു മ്പെടുന്ന പ്രവണതകളെ നേരിടുവാനുള്ള ഏറ്റവും ഫലപ്രദ മായ മാർഗ്ഗവും വചനാനുഭവത്തിൽ വളരുകതന്നെയാണ്. കേരള സഭയിലെ മെത്രാന്മാരെല്ലാം ഈക്കാര്യത്തിൽ പ്രതിജ്ഞാബദ്ധ രാണ്. വൈദികരും സന്യസ്തരും സഭയിലെ 99 ശതമാനത്തോളം വരുന്ന അല്മായരും ഇക്കാര്യത്തിൽ ആത്മാർത്ഥമായി സഹകരിച്ചാൽ മാത്രമേ വചനവർഷാചരണം ഒരു വിജയമാക്കി ത്തീർക്കുവാൻ നമുക്കു സാധിക്കുകയുള്ളൂ.

വചനം മാംസം ധരിച്ച് ഈ ലോകത്തിൽ അവതരിച്ച ക്രിസ്മസ് ദിവസം തന്നെ വചനവർഷാചരണത്തിന് തുടക്കവും സമാപനവും കുറിക്കുന്നത് ഉചിതമായിരിക്കും. അതായത്, 2007 ഡിസംബർ മാസം 25-ാം തിയതി ആരംഭിച്ച് 2008 ഡിസംബർ മാസം 25-ാം തിയതി അവസാനിക്കണം. വർഷം മുഴുവനും ദൈവവചനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ഓർമ്മ നില





നിറുത്തുവാനായി ഉദ്ഘാടന ദിവസം ദിവ്യബലി മദ്ധ്യേ വിശുദ്ധ ഗ്രന്ഥം അലങ്കരിച്ച ഒരു പീഠത്തിൽ ആഘോഷപൂർവ്വം പ്രതിഷ്ഠിക്കണം. സുവിശേഷ പ്രഘോഷണത്തിൽ വചനവർഷ ത്തിന്റെ പ്രാധാന്യം എടുത്തു കാണിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആപ്തവാക്യമെഴുതിയ ആകർഷണീയമായ വചനവർഷ ഫ്ളാഗ് വിശുദ്ധ വേദിയിൽ സ്ഥാപിക്കണം. അന്നുമുതൽ ബൈബിൾ കമ്മീഷൻ പ്രത്യേകം തയ്യാറാക്കി വിതരണം ചെയ്യുന്ന ദൈവ വചന വർഷാചരണ പ്രാർത്ഥന എല്ലാ ദൈവാലയങ്ങളിലും ഭവനങ്ങളിലും ചൊല്ലണം.

സർവ്വോപരി, വിശുദ്ധ ഗ്രന്ഥത്തിന്റെ പ്രാധാന്യം ഗ്രഹിക്കു വാനും വചനാനുഭവത്തിന്റെ ആഴങ്ങളിലെത്തുവാനും നമുക്കു കഴിയുന്നത് ആരാധന ക്രമത്തിലുള്ള സജീവ ഭാഗഭാഗിത്വത്തി ലൂടെയാണ്. "കാരണം, വായനകൾ വേദപുസ്തകത്തിലുള്ളവ യാണ്. അവ സുവിശേഷപ്രസംഗത്തിൽ വിശദീകരിക്കപ്പെടുന്നു. സങ്കീർത്തനങ്ങൾ പാടുന്നതും വേദപുസ്തകത്തിൽനിന്നാണ്; പ്രാർത്ഥനകൾ, സ്തോത്രങ്ങൾ, ആരാധനാഗീതങ്ങൾ ഇവയ്ക്കു പ്രചോദനം ലഭിച്ചിട്ടുള്ളതും വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുതന്നെ. മാത്രമല്ല, വിശുദ്ധ ഗ്രന്ഥത്തിൽനിന്നാണ് തിരുക്കർമ്മങ്ങളിലെ ആംഗ്യങ്ങളും അടയാളങ്ങളും അർത്ഥമുൾക്കൊള്ളുന്നത്" (S.C. 24).

വൈദികരും അവരുടെ സഹപ്രവർത്തകരും വീടുകൾ സന്ദർശിച്ച് ബൈബിൾ വെഞ്ചരിച്ച് പ്രതിഷ്ഠിക്കുകയും ഫല പ്രദമായ രീതിയിൽ ബൈബിൾ പാരായണം നടത്തുവാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യണം. അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളും കുടുംബക്കൂട്ടായ്മകളും ഉന്നം വയ്ക്കുന്ന വചനാനുഭവം കുറെക്കൂടി ആഴമുള്ളതാക്കുവാൻ ലഭിക്കുന്ന അവസരമാണിത്. വികലമായ ബൈബിൾ വ്യാഖ്യാന ങ്ങളോട് പ്രതികരിച്ചുകൊണ്ട് 2008-ലെ 12 മാസങ്ങളിൽ ബി.സി.സി.കളിലും കുടുംബക്കൂട്ടായ്മകളിലും ഉപയോഗിക്കു വാനായി ബൈബിൾ കമ്മീഷൻ തയ്യാറാക്കുന്ന പ്രബോധന സഹായി പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

അഭിനന്ദനാർഹങ്ങളായ ധാരാളം പരിപാടികളാണ് ബൈബിൾ കമ്മീഷനും ബൈബിൾ സൊസൈറ്റിയും ചേർന്ന് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. ബൈബിൾ വിതരണം, ലോഗോസ് ക്വിസ്, ബൈബിൾ ഞായർ, ബൈബിൾ വാരാചരണം, ബൈബിൾ കലോത്സവം തുടങ്ങിയവ അതിൽ ചിലത് മാത്ര മാണ്. ദൈവവചന വർഷത്തിൽ രൂപതകളുടെയും സന്യാസ സഭകളുടെയും സഹായത്തോടെ ബൈബിൾ കൺവെൻഷനുകൾ, പ്രഭാഷണങ്ങൾ, ധ്യാനങ്ങൾ, സെമിനാറുകൾ, ചർച്ചകൾ, കുട്ടികൾ ക്കായുള്ള പ്രത്യേക ക്ലാസുകൾ, ടെലിവിഷൻ പരിപാടികൾ തുടങ്ങിയവ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇവയുടെയെല്ലാം വിശദവിവരങ്ങൾ ഓരോ രൂപതയിലെയും ഉത്തരവാദപ്പെട്ടവരെ അറിയിക്കുന്നതാണ്. ലോഗോസ് ക്വിസിലെയും ബൈബിൾ സൊസൈറ്റിയിലെയും അംഗത്വം ഇക്കൊല്ലം വളരെയേറെ വർദ്ധിപ്പിക്കാൻ സാധിക്കുമെന്നാണ് നാം പ്രതീക്ഷിക്കുന്നത്.

പി.ഒ.സി. ബൈബിളിന്റെ റിവിഷൻ നടത്തിക്കൊണ്ടിരിക്കു കയാണല്ലോ. നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും എഴുതി അറിയിക്കാവുന്നതാണ്. പുതിയ നിയമത്തിന്റെ പരിഷ്ക രിച്ച രൂപം ഇക്കൊല്ലംതന്നെ പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശി ക്കുന്നത്.

ബൈബിളിനെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറി ച്ചുള്ള അജ്ഞതയാണെന്ന് ബൈബിൾ പണ്ഡിതനായ വിശുദ്ധ ജെറോം പറഞ്ഞത് നമുക്കറിയാം. ബൗദ്ധികമായ അറിവിനെക്കാൾ അനുഭവ ജ്ഞാനത്തെയാണ് അദ്ദേഹം ഇവിടെ സൂചിപ്പിക്കു ന്നത്. നാം ആസൂത്രണം ചെയ്യുന്ന വിവിധ പരിപാടികളൊക്കെ വചനത്തെ കുറിച്ചുള്ള അറിവിൽ വളരാൻ സഹായിക്കുന്നു ണ്ടെങ്കിലും വേണ്ട രീതിയിൽ അനുഭവതലത്തിലേക്ക് കടന്നു ചെല്ലുന്നില്ല എന്ന പരാതിയുണ്ട്. അറിവിനെ അനുഭവമാക്കു ന്നതിനായിരിക്കും ഇനി നാം കൂടുതൽ ഊന്നൽ നല്കുന്നത്. അങ്ങനെ ഈ ദൈവവചന വർഷാചരണത്തിലൂടെ "എല്ലാ വിശുദ്ധരോടുമൊപ്പം ക്രിസ്തുവിന്റെ സ്നേഹത്തിന്റെ നീളവും





വീതിയും ഉയരവും ആഴവും ഗ്രഹിക്കാൻ നിങ്ങൾക്ക് ശക്തി ലഭിക്കട്ടെ. അറിവിനെ അതിശയിക്കുന്ന ക്രിസ്തുവിന്റെ സ്നേഹം നിങ്ങൾ ഗ്രഹിക്കാനും അതുവഴി ദൈവത്തിന്റെ സമ്പൂർണ്ണതയാൽ പൂരിതരാകാനും ഇടയാകട്ടെ" (എഫേ. 3,18 -19).

സ്നേഹത്തോടെ,

**+ സൂസപാക്യം എം.**

ചെയർമാൻ

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ അംഗങ്ങൾ

**ബിഷപ്പ് ഗീവർഗ്ഗീസ് മാർ ദിവന്യാസിയോസ്**

**ബിഷപ്പ് മാർ ജോസഫ് പൊരുന്നേടം**

തിരുവനന്തപുരം,

13.10.2007.

# Course for the Ongoing formation of the priests
## 4, 5, 6, Dec. 2007
## Alpha Pastoral Centre, Edakochi

*"The Word made flesh and dwelt among us"*

**PROGRAMME**

**04-12-2007 Tuesday**

| | | |
|---|---|---|
| 09. 30 a.m. | : | Inauguration : **Bishop John Thattumkal** |
| 10.00 a.m. | : | Talk : Current status of the biblical study : **Rev. Dr. Augustine Mulloor** |
| 11.00 a.m. | : | Discussion |
| 12.30 p.m. | : | Lunch |
| 03.00 p.m. | : | Discussion on the Pastoral Year 2008 |
| 04.00 p.m. | : | Tiffin |
| 06.00 p.m. | : | Talk : Word of God ad Associations & Institutions: **Rev. Dr. Vincent Kundukulam** |
| 07.00 p.m. | : | Discussion |
| 08.00 p.m. | : | Supper |

**05.12.2007 Wednesday**

| | | |
|---|---|---|
| 07.00 a.m. | : | Holy Mass |
| 08.00 a.m. | : | Breakfast |
| 09.00 a.m. | : | Reporting Session |
| 10.00 a.m. | : | Talk : Word of God and Family : **Rev. Dr. Paul Thelakkat** |
| 11.00 a.m. | : | Discussion |
| 12.30 p.m. | : | Lunch |
| 03.00 p.m. | : | Talk : Lineamenta for the Synod of Bishop's 2008 : **Rev. Dr. Jacob Prasad** |
| 04.00 p.m. | : | Tiffin |
| 07.00 p.m. | : | Discussion |
| 08.00 p.m. | : | Supper |

**06.12.2007 Thursday**

| | | |
|---|---|---|
| 07.00 a.m. | : | Holy Mass |
| 08.00 a.m. | : | Breakfast |
| 09.00 a.m. | : | Discussion |
| 10.00 a.m. | : | Talk : Word of God and the life & Pastoral activity of the Priest : **Bishop Varghese Chakkalakal** |
| 11.00 a.m. | : | Discussion |
| 12.00 Noon | : | Concluding Session |
| 12.30 p.m. | : | Lunch |





# സെന്റ് ലൂയീസ് ദേവാലയം മുണ്ടംവേലി

സേവ്യർ രാജു

സന്ത്യപുണ്യവാന്റെ കുതിരക്കുളമ്പടിയേറ്റ അനുഗ്രഹ ഭൂവിൽ വിശ്വാസ ദീപ്തിയുടെ നിറചൈതന്യമായി നില കൊള്ളുന്ന ദേവാലയം. തിരിഞ്ഞു നോക്കുമ്പോൾ നൂറ്റാണ്ടു കളുടെ ചരിത്രപാരമ്പര്യം. അഗ്നിച്ചിറകുകൾക്കും അറബിക്കട ലിലെ തിരമാലകൾക്കും അണയ്ക്കാൻ കഴിയാത്ത ക്രൈസ്തവ വിശ്വാസത്തിന്റെ പ്രതീകമാണ് മുണ്ടംവേലി സെന്റ് ലൂയീസ് ദേവാലയം.

## ചരിത്ര താളുകൾ മറിയുമ്പോൾ...

'മാനാശ്ശേരി സെന്റ് ലൂയീസ് പള്ളി' എന്നും 'പള്ളുരുത്തി പള്ളി' എന്നും വിളിച്ചിരുന്ന മാതൃദേവാലയത്തിൽ നിന്ന് 'മുണ്ടംവേലി പള്ളി'യിലേക്കുള്ള പ്രയാണത്തിൽ പൂർവപിതാ ക്കന്മാർ പിന്നിട്ടത് യാതനയുടെയും വിശ്വാസ തീക്ഷ്ണത യുടെയും നൂറ്റാണ്ടുകൾ. ലത്തീൻ റീത്തനുസരിച്ച് മാർത്തോമ ക്രിസ്ത്യാനികളുടെ 15 പള്ളികളിൽ ഒന്നായിരുന്നു 'സെന്റ് ലൂയീസ്' (മാനാശ്ശേരി) എന്ന് 1745ൽ റോമായിൽ പ്രസിദ്ധീ കരിച്ച ചരിത്ര പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നതു തന്നെ പള്ളിയുടെ പാരമ്പര്യം വ്യക്തമാക്കുന്നതാണ്.

പരിശുദ്ധ ദൈവമാതാവിന് പ്രതിഷ്ഠിതമായിരുന്നു പ്രഥമ ദേവാലയമെന്ന് ചരിത്രരേഖകൾ ചൂണ്ടിക്കാട്ടുന്നു. ഇപ്പോഴത്തെ മാനാശ്ശേരി സെന്റ് മൈക്കിൾസ് ദേവാലയത്തിന് രണ്ടു മൈൽ പടിഞ്ഞാറായിരുന്നു സെന്റ് ലൂയീസ് ദേവാലയത്തിന്റെ സ്ഥാനം (ഇവിടം ഇന്നു കടലാണ്).

പോർച്ചുഗീസുകാരായ സൈനികരുടെ വിശ്രമ കേന്ദ്രമായിരുന്ന പള്ളുരുത്തി പ്രദേശത്തെ ഈ ദേവാലയം കടലെടുത്തതോടെയാണ് പോർച്ചുഗീസ് മിഷനറിമാരുടെ സഹകരണത്തോടെ വിശുദ്ധ ലൂയീസിന്റെ നാമധേയത്തിൽ പുതിയൊരു ദേവാലയം പണിതീർത്തത്. തെക്ക് തങ്കിയും മനക്കോടവും കിഴക്ക് ഇടക്കൊച്ചിയും സൗദിയുടെ ഒരു ഭാഗവും (ഇന്നത്തെ പള്ളുരുത്തി) വടക്ക് സൗദി എന്നിവയായിരുന്നു അയൽ ഇടവകകൾ.

1808ലെ വെട്ടിക്കൊലപ്പടക്കാലത്ത് സെന്റ് ലൂയീസ് ദേവാലയം അഗ്നിക്കിരയാക്കപ്പെട്ടു. പിന്നീടു പണിത മൂന്നാമത്തെ ദേവാലയം 1850ൽ അറബിക്കടലിൽ മുങ്ങി. ഈ പള്ളി നശിച്ചപ്പോൾ 18 വർഷത്തോളം ദിവ്യകർമ്മാനുഷ്ഠാനങ്ങൾ നടത്തിയിരുന്നത് ഇന്നത്തെ സെമിത്തേരിയിലായിരുന്നു. ഈ സെമിത്തേരി പള്ളിയാണ് നാലാമത്തെ ദേവാലയം. ഇന്നുള്ള ദേവാലയം അഞ്ചാമത്തേതും.

ഇടവകയുടെ കുരിശുപള്ളിയായിരുന്നു 'ഒടിഞ്ഞപള്ളി' എന്ന് അറിയപ്പെടുന്ന പ്രസിദ്ധമായ 'സെന്റ് അയാഗൊ പള്ളി' (സന്ത്യാഗോ പള്ളി). 1569ൽ ഈ ദേവാലയത്തിൽ 700 പേരുടെ ജ്ഞാനസ്നാനം നടന്നത് ചരിത്രത്തിലെ വിസ്മരിക്കാനാവാത്ത സംഭവമാണ്. അറബിക്കടലിന്റെ തിരമാലകൾ തകർത്ത ഈ പള്ളി നിലനിന്നിരുന്ന സ്ഥലം വരെയാണ് സന്ത്യപുണ്യവാന്റെ പ്രസിദ്ധമായ തിരുനാളിനോടനുബന്ധിച്ച പ്രദക്ഷിണം പോകുന്നത്.

1868ലാണ് ഇന്നു കാണുന്ന സെന്റ് ലൂയീസ് ദേവാലയം നിർമ്മിച്ചത്. മുണ്ടംവേലി പാടം എന്നറിയപ്പെട്ടിരുന്ന 1.51 ഏക്കർ ചതുപ്പു നിലം നികത്തിയാണ് പള്ളി നിർമ്മിച്ചത്.

കണ്ണമാലി ഇടവകാതിർത്തി വരെയുണ്ടായിരുന്ന മുണ്ടംവേലി ഇടവകയിൽനിന്ന് വേർപെടുത്തി ചെറിയകടവ് ഇടവക രൂപീകരിച്ചത് 1968ലാണ്. 1980-ൽ കാട്ടിപ്പറമ്പ് സെന്റ് ഫ്രാൻസീസ് അസ്സീസി ഇടവകയും പുതുതായി രൂപീകരിച്ചു. പിന്നീട് സാൻതോം ഇടവകയിലേക്കും മുണ്ടംവേലിയുടെ ഒരു ഭാഗം കൂട്ടിച്ചേർത്തു.





വിശ്വാസികൾക്ക് കൂടുതൽ സൗകര്യപ്രദമായ രീതിയിൽ 1997-ൽ ദേവാലയത്തിന്റെ പുനർനിർമ്മാണം പൂർത്തിയാക്കിയത് വികാരിയായിരുന്ന ഫാ. വിക്ടർ മാരാപറമ്പിലിന്റെയും സഹ വികാരിയായിരുന്ന ഫാ. ഫ്രാൻസീസ് കുരിശിങ്കലിന്റെയും നേതൃത്വത്തിലാണ്.

മുണ്ടംവേലി ഇടവക രൂപീകൃതമായതിനുശേഷം നാൽപതോളം പുരോഹിതർ വികാരിമാരായി ഇവിടെ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തനങ്ങളാണ് ഇടവകയുടെ ഇന്നത്തെ പുരോഗതിക്കു കാരണമായത്. നിരവധി വൈദികർക്കും കന്യാസ്ത്രീകൾക്കും ഇടവക ജന്മം നൽകിയിട്ടുമുണ്ട്. സെന്റ് ലൂയീസിന്റെയും സെന്റ് ജേക്കബിന്റെയും പേരിൽ രണ്ടു കുരിശുപുരകളും ഇടവകയിലുണ്ട്.

## സാരഥികൾ

വികാരി മോൺ. ജോർജ്ജ് മാളാട്ട്, അസി. വികാരി ഫാ. ആന്റണി അഞ്ചുകണ്ടത്തിൽ എന്നിവർ ആധ്യാത്മിക ചൈതന്യത്തോടെ ഇടവകയെ മുന്നോട്ടു നയിക്കുന്നു.

## തിരുനാളുകൾ

വിശുദ്ധ യാക്കോബ് ശ്ലീഹായുടെ തീർത്ഥാടന കേന്ദ്രമായി അറിയപ്പെടുന്ന മുണ്ടംവേലി പള്ളിയിൽ ഡിസംബർ 30ന് ആഘോഷിക്കുന്ന യാക്കോബ് ശ്ലീഹായുടെ തിരുനാളിൽ പങ്കെടുക്കാൻ നാനാജാതി മതസ്ഥരായ ആയിരങ്ങളാണ് എല്ലാ വർഷവും എത്താറുള്ളത്. വാളും പരിചയും നീക്കി വയ്ക്കലാണ് പ്രധാന വഴിപാട്. നാടിന്റെ നാനാ ഭാഗത്ത് നിന്നും വിശുദ്ധന്റെ തിരുസ്വരൂപം എഴുന്നുള്ളിച്ചുള്ള നേർച്ച വരവ് ഈ ദേവാലയത്തിലെ പ്രത്യേകതയാണ്. ഇടവക മധ്യസ്ഥനായ സെന്റ് ലൂയീസിന്റെ തിരുനാൾ ജൂൺ 21നാണ് ആഘോഷിക്കാറുള്ളത്. പരിശുദ്ധ ലിബ്രുമേന്തു മാതാവിന്റെയും പരിശുദ്ധ അമ്പാരു മാതാവിന്റെയും തിരുനാളുകളും പ്രസിദ്ധമാണ്.

## കുടുംബ യൂണിറ്റ്

1500 ഓളം കുടുംബങ്ങളുള്ള ഇടവകയിൽ 25 കുടുംബ യൂണിറ്റുകൾ സജീവമായി പ്രവർത്തിക്കുന്നു. പാസ്റ്ററൽ കൗൺസിലും രണ്ടു കൈക്കാരന്മാരും ഇടവക ഭരണത്തിന് പുരോഹിതന്മാരെ സഹായിക്കുന്നു.

## സ്ഥാപനങ്ങൾ

1889-ൽ സ്ഥാപിതമായ സെന്റ് ലൂയീസ് ഹൈസ്കൂൾ രൂപതയിലെ പ്രധാന വിദ്യാലയങ്ങളിലൊന്നാണ്. ഡോട്ടേഴ്സ് ഓഫ് നസ്രത്ത് സിസ്റ്റേഴ്സിന്റെ അസ്സീസി കോൺവെന്റ്, ജിഷി ആശുപത്രി, പോസ്റ്റ് ഓഫീസ് എന്നിവ ഇടവകയിലെ പ്രധാന സ്ഥാപനങ്ങളാണ്.

അസ്സീസി കോൺവെന്റിനോടു ചേർന്നു പ്രവർത്തിക്കുന്ന അഗസ്റ്റീനോ വിച്ചീനി സ്പെഷ്ൽ സ്കൂൾ സംസ്ഥാനതലത്തിൽ പേരു കേട്ട ഒന്നാണ്. സ്പെഷൽ സ്കൂൾ സംസ്ഥാന കലാ മേളയിൽ നിരവധി തവണ കിരീടമണിഞ്ഞ ഈ സ്കൂൾ മുണ്ടംവേലിയുടെ അഭിമാനമാണ്.

## സംഘടനകൾ

കെ.എൽ.സി.എ., കെ.സി.വൈ.എം., മിഷൻ ലീഗ്, വൈഡ്സ്, സെന്റ് വിൻസെന്റ് ഡി. പോൾ സൊസൈറ്റി, മരിയൻ സൊഡാലിറ്റി, ലീജിയൻ ഓഫ് മേരി, ഫ്രാൻസീസ്കൻ മൂന്നാം സഭ, കേരള ലേബർ മൂവ്മെന്റ്, ക്രിസ്റ്റീൻ, തിരുബാല സഖ്യം, സി.എസ്.എസ്. യൂണിറ്റുകൾ സജീവമായി ഇടവകയുടെ സർവതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. മതബോധന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായി ഗ്രന്ഥശാലയും സ്ഥാപിച്ചിട്ടുണ്ട്.

കേരള ലേബർ മൂവ്മെന്റിന്റെ കീഴിൽ കെട്ടിട നിർമ്മാണ സ്വാശ്രയ സംഘം, തയ്യൽ സ്വാശ്രയ സംഘം തുടങ്ങിയവയും പ്രവർത്തിച്ചു വരുന്നു. ഇടവകയിലെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ മരണ സഹായ ഫണ്ടും നടത്തിവരുന്നു. സെഹി





യോൻ ഊട്ടുശാലയും കരുണ ധനസഹായഫണ്ടും പാവങ്ങൾക്ക് സഹായകമാകുന്നു.

വെള്ളിയാഴ്ചകളിൽ കരുണ കൊന്തയും നേർച്ചകഞ്ഞി വിതരണവും ഉണ്ട്. മാർച്ച് 19ന് യൗസേപ്പിതാവിന്റെ നേർച്ച സദ്യയും വർഷങ്ങളായി നടത്തി വരുന്നു.

## പാരിഷ് ഹാൾ

പാരിഷ് ഹാൾ നിർമ്മാണത്തിലൂടെ പൂവണിയുന്നത് ഇടവകയുടെ ചിരകാലാഭിലാഷമാണ്. പള്ളിക്കു സമീപം നിർമ്മിക്കുന്ന പാരിഷ് ഹാൾ നിർമ്മാണം അതിവേഗം പുരോഗമി ക്കുന്നു. അഞ്ഞൂറോളം പേർക്കിരിക്കാവുന്നതാണ് അത്യാധുനീക സൗകര്യങ്ങളോടെയുള്ള പാരിഷ് ഹാൾ.

വിശുദ്ധ യാക്കോബ് ശ്ലീഹായോടുള്ള അചഞ്ചലമായ വിശ്വാസത്തിൽ അധിഷ്ഠിതമാണ് ഇടവകയുടെ മുന്നോട്ടുള്ള പ്രയാണം. ✻

## ജൂബിലിവർഷചിന്തകൾ

**ഫാ. ഗാസ്പർ**

മതവും രാഷ്ട്രീയവും തമ്മിലെന്ത് എന്ന ചോദ്യം ജൂബിലി വർഷത്തിൽ സാധ്യമാണോ? മതത്തിൽ രാഷ്ട്രീയത്തിനും രാഷ്ട്രീയത്തിൽ മതത്തിനും അസ്പൃശ്യത കൽപ്പിക്കേണ്ട തുണ്ടോ ? ചോദ്യവും ഉത്തരവും സങ്കീർണ്ണമാണ്. മതത്തിന്റെ ചൈതന്യപൂർണ്ണമായ വശം രാഷ്ട്രീയത്തിന്റെ അടിത്തറയാക്കി മാറ്റിയ ഗാന്ധിയൻ സമീപനം മുതൽ മതവെറിയുടെ ഹിംസാത്മ കതയെ രാഷ്ട്രീയ നേട്ടങ്ങൾക്കുപയോഗിക്കുന്ന സമകാലീനാ നുഭവങ്ങൾ വരെ വ്യാപിച്ചുകിടക്കുന്ന സങ്കീർണ്ണതയാണത്.

മതം രാഷ്ട്രീയത്തിൽ ഇടപെടേണ്ടതില്ലെന്നു ശഠിക്കുന്നവർ ക്രിസ്തീയതയുടെ ചരിത്രത്തിൽ ഇടപെടുന്ന ദൈവത്തെയും ദൈവവിജ്ഞാനീയത്തെയും അറിയാത്തവരാണ്. മനുഷ്യാ വതാരം ഇടപെടുന്ന ദൈവത്തിന്റെ രക്ഷാകരചരിത്രാനുഭവ മാണ്. ഈജിപ്തിന്റെ രാഷ്ട്രീയ കാലാവസ്ഥയിൽനിന്നും ഹെബ്രായ രാഷ്ട്രീയത്തിലേക്കുള്ള ചുവടുമാറ്റത്തിന്റെ രാഷ്ട്രീയ അജണ്ടയായും പുറപ്പാടുപുസ്തകം വായിക്കപ്പെടു ന്നുണ്ട്.

ജീവനും വായുവിനും ജലത്തിനുംവേണ്ടി നിങ്ങൾ നില പാടുകൾ വ്യക്തമാക്കുമ്പോൾ നിങ്ങൾ രാഷ്ട്രീയ ജീവികളാ കുന്നുവെന്ന നെരൂദയുടെ വരികൾ അർത്ഥപൂർണ്ണമാണ്. മണ്ണി ന്റെയും സമ്പത്തിന്റെയും സാമൂഹ്യവസ്ഥിതിയുടെയും സമവാക്യ ങ്ങൾ മാറ്റിയെഴുതാൻ ദൈവമാവശ്യപ്പെടുമ്പോഴാണ് ബൈബി ളിൽ ജൂബിലിയാഘോഷം ഉണ്ടാകുന്നത്. ഇത് രാഷ്ട്രീയ മല്ലാതെ മറ്റെന്താണ് ? സത്യത്തിന്റെയും നീതിയുടെയും നില പാടുകൾ വ്യക്തമാക്കേണ്ടത് ക്രിസ്തീയ ആത്മീയതയുടെ ഭാഗ മാണ്. രാഷ്ട്രത്തിന്റെ ഭരണ സംവിധാനത്തിലുള്ള ക്രിയാത്മ കമായ ഇടപെടലാണ് രാഷ്ട്രീയമെങ്കിൽ ക്രിസ്തീയതയ്ക്ക് രാഷ്ട്രീയത്തിൽ നിന്ന് മാറി നിൽക്കുക സാധ്യമല്ല. ജൂബിലി യാഘോഷത്തിന്റെ രാഷ്ട്രീയ മാനങ്ങൾ മറക്കാതിരിക്കണം നമ്മൾ.





## ജൂബിലിവർഷ പരിപാടികൾ - ഡിസംബർ

**രൂപത തലം**

23 : സംഗീതസായാഹ്നം

**ഇടവകതലങ്ങളിൽ**

| തിയതി | ഇടവക | പ്രോഗ്രാം |
|---|---|---|
| 1 | ഔവർ ലേഡി ഓഫ് ഫാത്തിമ, കോടംതുരുത്ത് | വൃദ്ധജനസംഗമം |
| 1 - 31 | സെന്റ് ലോറൻസ്, ഇടക്കൊച്ചി | ഭവനാശീർവ്വാദം |
| 1 - 31 | സെന്റ് ജോസഫ്സ്, ചുള്ളിക്കൽ | യൂണിറ്റ് തല ക്രിസ്തുമസ് സന്ദേശം |
| 2 | സെന്റ് സെബാസ്റ്റ്യൻസ്, ചെല്ലാനം | പരേതസ്മരണ |
| 2 | സെന്റ് ജോസഫ്സ്, ചെറിയകടവ് | മിഷൻ ധ്യാനം |
| 2 | സെന്റ് ലൂയീസ്, മുണ്ടംവേലി | ആരോഗ്യസംരക്ഷണ സെമിനാർ |
| 2 - 7 | ഔവർ ലേഡി ഓഫ് ഹോപ്പ്, വൈപ്പിൻ | മിഷൻ ധ്യാനം |
| 3 - 8 | ഔവർ ലേഡി ഓഫ് ലൈഫ്, മട്ടാഞ്ചേരി | ഇടവകനവീകരണ ധ്യാനം |
| 3 - 22 | സെന്റ് ലോറൻസ്, പള്ളുരുത്തി | യൂണിറ്റ് തല ക്രിസ്തുമസ് ആഘോഷങ്ങൾ |
| 4 | സെന്റ് ജോസഫ്സ്, ചുള്ളിക്കൽ | വി. അന്തോണീസിന്റെ ചാപ്പൽ ആശീർവ്വാദം |
| 7 - 12 | ഹോളി ഫാമിലി, നസ്രത്ത് | ഗോവ തീർത്ഥാടനം |
| 8 | സേക്രട്ട് ഹാർട്ട്, കുമ്പളങ്ങി | ഇടവകദിനം |
| 9 | സെന്റ് ജോസഫ്സ്. ചുള്ളിക്കൽ | ക്രിസ്തുമസ് കാർഡ് ഡ്രോയിംങ് മത്സരം |
| 9 | സെന്റ് ജോർജ്ജ്, പഴങ്ങാട് | ജൂബിലി ദമ്പതീസംഗമം |
| 9 | സേക്രട്ട് ഹാർട്ട്, കുമ്പളങ്ങി | യൂണിറ്റ് ഭാരവാഹികൾക്കുള്ള സെമിനാർ |

| തിയതി | ഇടവക | പ്രോഗ്രാം |
|---|---|---|
| 10 - 21 | സെന്റ് സെബാസ്റ്റ്യൻസ്, തോപ്പുംപടി | ക്രിസ്തുമസ് കരോൾ മത്സരം |
| 16 | ,, ,, | ക്രിസ്തുമസ് കാർഡ് ഡ്രോയിംങ് മത്സരം |
| 16 | സെന്റ് ജോസഫ്സ്, ചുള്ളിക്കൽ | ക്രിസ്തുമസ് കരോൾ മത്സരം |
| 16 | സെന്റ് ജോസഫ്സ്, കുമ്പളം | യൂത്ത് കൺവെൻഷൻ |
| 16 | സെന്റ് പീറ്റേഴ്സ്, കുമ്പളങ്ങി | മെഡിക്കൽ ക്യാമ്പ് |
| 16 | സെന്റ് ജോസഫ്സ്, ചെറിയകടവ് | ഫസ്റ്റ് എയ്ഡ് ബോധവത്ക്കരണ സെമിനാർ |
| 16 | സെന്റ് സെബാസ്റ്റ്യൻസ്, നീണ്ടകര | ക്രിസ്റ്റീൻ ധ്യാനം |
| 20 | സെന്റ് സെബാസ്റ്റ്യൻസ്, ചെല്ലാനം | നേതൃസംഗമം |
| 20 - 23 | സെന്റ് മാർട്ടിൻ ഡി പോറസ്, കല്ലഞ്ചേരി | കുടുംബനവീകരണ ധ്യാനം |
| 23 | സെന്റ് മേരീസ്, ഇടക്കൊച്ചി | ജീസസ് യൂത്ത് ക്യാമ്പ് |
| 23 | സെന്റ് ജോർജ്ജ്, അർത്തുങ്കൽ | ജൂബിലി ഭവനങ്ങളുടെ (5) താക്കോൽ ദാനം |
| 23 | ഹോളി ഫാമിലി, നസ്രത്ത് | ക്രിസ്തുമസ് ഈവ് |
| 23 | ,, ,, | പുൽക്കൂട് മത്സരം |
| 23 | സെന്റ് മേരീസ്, തങ്കി | മതമൈത്രിസന്ദേശയാത്ര |
| 23 | സെന്റ് ലൂയീസ്, മുണ്ടംവേലി | സംഗീത സന്ധ്യ |
| 24 | സെന്റ് ഫ്രാൻസിസ് സേവ്യഴ്സ്, വയലാർ | ജൂബിലി ഭവന ആശീർവ്വാദം |
| 24 | സെന്റ് ജോർജ്ജ്, അർത്തുങ്കൽ | ക്രിസ്തുമസ് മീറ്റ് |
| 24 | സെന്റ് ജോസഫ്സ്. ചെറിയകടവ് | നക്ഷത്രമത്സരം |
| 24 | സെന്റ് ജോസഫ്സ്, കുമ്പളങ്ങി | ജൂബിലി ഭവന ആശീർവ്വാദം |





| തിയതി | ഇടവക | പ്രോഗ്രാം |
|---|---|---|
| 25 | സേക്രട്ട് ഹാർട്ട്, കുമ്പളങ്ങി | ജൂബിലി ഭവന ആശീർവ്വാദം |
| 25 | സെന്റ് മാർട്ടിൻ ഡി പോറസ്, കല്ലഞ്ചേരി | ജൂബിലി ഭവന ആശീർവ്വാദം |
| 25 | ഹോളി ഫാമിലി, നസ്രത്ത് | ഉണ്ണീശോയ്ക്ക് ഒരു പൊതിച്ചോറ് |
| 26 | സെന്റ് ലോറൻസ്, ഇടക്കൊച്ചി | ജൂബിലി ഭവന ആശീർവ്വാദം |
| 26 | ഇമ്മാക്കുലേറ്റ് കൺസപ്ഷൻ, എഴുപുന്ന | ജൂബിലി ഭവന ആശീർവ്വാദം |
| 27 - 30 | സെന്റ് ജോർജ്ജ്, പഴങ്ങാട് | വേളാങ്കണ്ണി തീർത്ഥാടനം |
| 27 - 29 | സെന്റ് മേരീസ്, തങ്കി | സായാഹ്നധ്യാനം |
| 29 | സെന്റ് ജോസഫ്സ്, കുമ്പളങ്ങി | നേത്രചികിത്സ ക്യാമ്പ് |
| 30 | ഹോളി ഫാമിലി, നസ്രത്ത് | ചരിത്രപഠനം |
| 30 | സെന്റ് പീറ്റർ & പോൾ, അമരാവതി | സമൂഹവിവാഹം |

# ജൂബിലി വർഷ രൂപത വാർത്തകൾ

## രൂപതയിലെ പ്രൊഫഷനലുകളുടെ സംഗമം

കൊച്ചി രൂപതാ മെത്രാൻ റൈറ്റ് റവ. ഡോ. ജോൺ തട്ടുങ്കലിന്റെ അദ്ധ്യക്ഷതയിൽ രൂപതയിലെ 162 പ്രൊഫഷനലുകൾ ബിഷപ്സ് ഹൗസിനു സമീപമുള്ള ഗാമാ ഹെറിറ്റേജ് റസിഡൻസിയിൽ ഒത്തുചേർന്നു. 450 വർഷമായി പ്രവർത്തിക്കുന്ന കൊച്ചി രൂപതയുടെ വളർച്ചയ്ക്കായി പ്രവർത്തിക്കുമെന്ന് പ്രതിജ്ഞ ചെയ്തു.

നവംബർ 11-ാം തിയതി വൈകുന്നേരം 5 മണിക്ക് ഗാമാ ഓഡിറ്റോറിയത്തിൽ ആരംഭിച്ച യോഗത്തിൽ രൂപതയിലെ പ്രമുഖരായ എൻജിനിയർമാർ, ഗസറ്റഡ് ഓഫീസർമാർ, വൈദ്യശാസ്ത്ര വിദഗ്ദ്ധർ, മീഡിയാ പ്രവർത്തകർ, സംരംഭകർ, വിദ്യാഭ്യാസ വിചക്ഷണർ, നിയമവിദഗ്ദ്ധർ എന്നിവരാണ് സന്നിഹിതരായിരുന്നത്.

അനുനിമിഷം വളർന്നുകൊണ്ടിരിക്കുന്ന കൊച്ചിയിൽ കൊച്ചി രൂപതാംഗങ്ങൾ കൊച്ചിയ്ക്ക് രൂപം കൊടുത്തവരാണെങ്കിലും തഴയപ്പെട്ടുപോകാതിരിക്കണമെങ്കിൽ സ്വയം ശാക്തീകരിക്കപ്പെടണമെന്നും അതിനു വേണ്ടി പ്രവർത്തിക്കുവാൻ ഒരു ദൈവവിളിയുണ്ടെന്നു തിരിച്ചറിയുന്നവരെന്ന നിലയിൽ പ്രൊഫഷനലുകളുടെ സമൂഹം പ്രവർത്തനനിരതമാവണമെന്നും ഉദ്ബോധന പ്രസംഗത്തിൽ ബിഷപ്പ് ജോൺ തട്ടുങ്കൽ പറഞ്ഞു. പിന്നോക്കാവസ്ഥയെ അതിജീവിക്കാൻ സമുദായാംഗങ്ങൾ ത്യാഗത്തിനു തയ്യാറാവണമെന്ന് അഭിവന്ദ്യ മെത്രാൻ ആവശ്യപ്പെട്ടു.

തുടർന്നു പ്രൊഫഷനലുകളുടെ ഏഴു സംഘങ്ങൾ ഭാവി പ്രവർത്തനങ്ങൾ എന്ത്, എങ്ങനെ എന്നു ചർച്ച ചെയ്തു. രൂപതാംഗങ്ങളെ ആവേശം കൊള്ളിക്കുവാൻ പോരുന്ന നിർദ്ദേശങ്ങളാണ് ഉരുത്തിരിഞ്ഞത്. പടിപടിയായുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ ഏഴ് കോർ ഗ്രൂപ്പുകൾ രൂപീകരിച്ചു; അവരുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നല്കപ്പെടുകയും ചെയ്തു.





ഡോ. എഡ്വേർഡ് എടേഴത്ത് ജനറൽ കൺവീനറും, ഫാ. തോമസ് പറത്തറ കോ-ഓർഡിനേറ്ററും ആയിട്ടാണ് സംഗമം സംഘടിപ്പിക്കപ്പെട്ടത്.

അഭിവന്ദ്യ പിതാവ് വിവിധ വിഷയങ്ങളിൽ ഡോക്ടറേറ്റ് നേടിയ ഓരോരുത്തരേയും പ്രത്യേകം അഭിനന്ദിച്ചു.

ശ്രീ. എം.എൽ. ടോമിയുടെ കൃതജ്ഞതയ്ക്കുശേഷം അഭിവന്ദ്യ പിതാവ് നല്കിയ വിരുന്നോടെ സംഗമം സമാപിച്ചു.

## കുടുംബയൂണിറ്റുകളിലൂടെ സമുദായ ശാക്തീകരണം സാധ്യമാകണം

കുടുംബയൂണിറ്റുകളിലൂടെ സമുദായ ശാക്തീകരണം സാധ്യമാകണമെന്ന് കൊച്ചി രൂപതാ വികാരി ജനറാൾ വെരി. റവ. മോൺ. പീറ്റർ തൈക്കൂട്ടത്തിൽ പ്രസ്താവിച്ചു. കൊച്ചി രൂപതാ 450-ാം വാർഷിക ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2007 നവംബർ 18-ാം തിയതി ഇടക്കൊച്ചി ആൽഫാ പാസ്റ്ററൽ സെന്ററിൽ വെച്ചു നടത്തിയ സഭാ ദർശന സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്രൈസ്തവസമൂഹം പ്രത്യേകിച്ച് ലത്തീൻ കത്തോലിക്ക സമുദായം ഇന്ന് വളരെയധികം വെല്ലുവിളികൾ നേരിടുന്നു. പിറന്ന മണ്ണിൽനിന്നും കുടുംബങ്ങളെ വേരോടെ പിഴുതെറിയുവാനുള്ള പ്രലോഭനങ്ങൾ ഈകാലത്ത് വർദ്ധിച്ചു വരുന്നതായും ഇതിനെതിരെ കുടുംബയൂണിറ്റ് പ്രവർത്തകർ ജാഗ്രതയോടെ പ്രവർത്തിക്കണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. നാം ഒറ്റക്കെട്ടായി നിന്നാൽ ഒരു ശക്തിക്കും നമ്മെ തളർത്താൻ കഴിയുകയില്ല എന്നത് അനുഭവസാക്ഷ്യങ്ങളുടെ വെളിച്ചത്തിൽ അദ്ദേഹം സമർത്ഥിച്ചു.

റവ. ഡോ. ജോസി കണ്ടനാട്ടുത്തറ ഈ സംഗമത്തിനു അദ്ധ്യക്ഷത വഹിച്ചു. ഫോർട്ടുകൊച്ചി പൈതൃകമേഖലകളിൽ നിന്നും ക്രിസ്തീയ സമുദായാംഗങ്ങൾ കൂട്ടത്തോടെ പലായനം ചെയ്യേണ്ടിവരുന്ന ഇന്നത്തെ അവസ്ഥയ്ക്ക് ഒരു മാറ്റമുണ്ടാകണം. ഇതിനായി നമ്മുടെ ഓരോ കുടുംബയൂണിറ്റുകളും ക്രിയാത്മക

മായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണം. കർമ്മലഗിരി സെമിനാരിയിലെ പ്രൊഫസർ റവ. ഡോ. ആർ. വി. ഗ്രിഗറി കുടുംബയൂണിറ്റുകളുടെ വിജ്ഞാനീയം എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു.

കൊച്ചി രൂപതാ ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ റവ. ഫാ. ടോമി ചമ്പക്കാട്ട്, അഡ്വ. ജോസി സേവ്യർ, ശ്രീ. ടി.എക്സ്. ആന്റണി, ശ്രീ. സേവ്യർ പടിഞ്ഞാറേ മഞ്ചാടിക്കക്കുന്നേൽ, ശ്രീ. ജോസി കോതകത്ത് എന്നിവർ പ്രസംഗിച്ചു. ആയിരത്തിലധികം പേർ സെമിനാറിൽ പങ്കെടുത്തു.

കൊച്ചി രൂപതയിലെ ഫോർട്ടുകൊച്ചി, കണ്ണമാലി, ഇടക്കൊച്ചി എന്നി ഫെറോനകളിലെ 20 ഇടവകകളിൽ നിന്നായി 425 കുടുംബയൂണിറ്റുകളിലെ ഭാരവാഹികളാണ് സംഗമത്തിൽ പങ്കെടുത്തത്.

## അഭിനന്ദനങ്ങൾ

നവംബർ 9, 10, 11 തിയതികളിൽ എറണാകുളം ആശീർഭവനിൽ വച്ച് നടന്ന കെ.സി.വൈ.എം. സംസ്ഥാന കലോത്സവത്തിൽ കെ.സി.വൈ.എം. കൊച്ചി രൂപത ഒന്നാം സ്ഥാനം കരസ്ഥമാക്കി. 29 രൂപതകൾ പങ്കെടുത്ത കലോത്സവത്തിൽ 70 പോയിന്റുകളോടെ മാനന്തവാടി രൂപതയ്ക്കൊപ്പം ചാമ്പ്യൻഷിപ്പ് നേടിയ കെ.സി.വൈ.എം.ന് അഭിനന്ദനങ്ങൾ.

സംസ്ഥാനാടിസ്ഥാനത്തിൽ പാലാരിവട്ടം പി.ഒ.സിയിൽ വച്ച് നടന്ന ലോഗോസ്ക്വിസ് മത്സരത്തിൽ സി വിഭാഗത്തിൽ സ്വർണ്ണമെഡൽ നേടിയത് മട്ടാഞ്ചേരി ജീവമാതാ ഇടവകാംഗമായ ഫിലോമിന ജോസഫ് കോച്ചേരിയാണ്. ഫിലോമിനയ്ക്കും അഭിനന്ദനങ്ങൾ.

## ആശംസകൾ

20.12.2007-ൽ പൗരോഹിത്യ ജീവിതത്തിൽ 25 വർഷം പൂർത്തിയാക്കുന്ന ബഹുമാനപ്പെട്ട പയസ് പഴേരിക്കൽ അച്ചന് ജൂബിലി മംഗളങ്ങൾ നേരുന്നു. ✻





# Members Elected to the Diocesan Committee of K. L. C. A

| | | |
|---|---|---|
| President | : | **Nelson Kocherry** |
| Vice Presidents | : | **Shaji Palakkatt** |
| | : | **Jessy Jerome** |
| General Secretary | : | **Dalfin Thekkealumkal** |
| Secretaries | : | **Xavier Pothampally** |
| | : | **Elsy Raju** |
| Treasurer | : | **Jolly Pavelil** |

**പ്രീ – കാന കോഴ്സ്**
**2007 ഡിസംബർ**
**13, 14, 15, 16**
**തിയതികളിൽ**

# ലീജിയൻ ഓഫ് മേരി

## കൊച്ചി കൊമ്മീസിയം

ആവെ മരിയ

പ്രിയ മരിയ സൈനികരെ,

കൊച്ചി രൂപത സ്ഥാപിതമായിട്ടു 450 വർഷം തികയുന്ന ഈ ജൂബിലി വർഷത്തിൽ ലീജിയൻ ഓഫ് മേരി കൊച്ചി കൊമ്മീസിയത്തിന്റെ കീഴിലുള്ള എല്ലാ കൂരിയാകളേയും പ്രസീദിയങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ടു ഒരു ദിവസത്തെ ആഘോഷ പരിപാടി 20.12.2007 വ്യാഴാഴ്ച തോപ്പുംപടി കാത്തലിക്ക് സെന്ററിൽ വെച്ചു നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. സമ്മേളന സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 4.30 വരെ ആകുന്നു.

സമ്മേളനത്തിൽ പങ്കെടുക്കുന്നവർക്കായി അഭിവന്ദ്യ കൊച്ചി മെത്രാൻ ജോൺ തട്ടുങ്കൽ പിതാവ് ദിവ്യബലി അർപ്പിക്കാമെന്നു സദയം സമ്മതിച്ചിട്ടുണ്ട്. കൂടാതെ സെനാത്തൂസ് ആദ്ധ്യാത്മിക നിയന്താവ് റവ. ഫാ. സെബാസ്റ്റിൻ കൊല്ലംപറമ്പിൽ, ആലപ്പുഴ കൊമ്മീസിയത്തിൽനിന്നും സിസ്റ്റർ അന്നമ്മ രത്നസ്വാമി തുടങ്ങിയ പ്രമുഖ വ്യക്തികളും സമ്മേളനത്തിൽ സംബന്ധിക്കുന്നതാണ്.

ഈ സമ്മേളനത്തോടൊപ്പം തോപ്പുംപടി അത്ഭുതമാതാവ് പള്ളിയിൽവെച്ച് വാർഷിക റീയൂണിയനും നടത്തപ്പെടുന്നതാണ്. ആകയാൽ ഈ കൊല്ലം കൂരിയാകൾ പ്രത്യേകം റീയൂണിയനുകൾ നടത്തേണ്ടതില്ല. ഓരോ കൂരിയായും പ്രസീദിയങ്ങളും പരമാവധി അംഗങ്ങളെ ഇതിൽ സംബന്ധിപ്പിക്കുവാൻ ഉത്സാഹിപ്പിക്കണം. സമ്മേളനത്തിന്റെ വിജയത്തിനായി എല്ലാ മരിയ സൈനികരുടേയും പ്രാർത്ഥനയും ആത്മാർത്ഥമായ സഹായവും സഹകരണവും അഭ്യർത്ഥിക്കുന്നു.

എന്ന്,

ദിവ്യനാഥയുടെ സേവനത്തിൽ,

**വെരി. റവ. ഫാ. തോമസ് പനക്കൽ**
കൊമ്മീസിയം ആദ്ധ്യാത്മിക നിയന്താവ്

**ബ്രദർ. തമ്പി ജോർജ്ജ്**
കൊമ്മീസിയം പ്രസിഡന്റ്





## BISHOP'S ENGAGEMENTS IN DECEMBER - 2007

| DATE | TIME | VENUE | PURPOSE |
|---|---|---|---|
| 01 Sat | 10.30 a.m. | Basilica | Final Profession of Canossian Sisters |
| 02 Sun | 08.00 a.m. | Ezhupunna | Blessing, Mass at Immaculate Conception Church |
| | 10.30 a.m. | Aroor | Family Unit leaders meet at School- Inauguration |
| | 12.00 noon | | Pre-Cana |
| | 03.30 p.m. | APC | Logo Quiz prize distribution |
| 03 Mon | 09.00 a.m. | Bishop's House | Meeting People |
| | 10.30 a.m. | Eramallore | Festal Mass - St. Francis Xavier |
| | 03.00 p.m. | Perumpadappu | Fatima Hospital Board Meeting |
| | 05.00 p.m. | Ernakulam | Jeevanaadam 2nd Anniversary Meet |
| 04 Tue | | | CONT. FORM PRIEST |
| | 08.00 a.m. | Aluva | Class at Carmelgiri |
| | 11.30 a.m. | Ernakulam | Jubilee Rich - Consultancy at Taj Residency |
| | 05.00 p.m. | Chullikal | Blessing of the new St. Antony's Chapel-Mass-F. Hoisting |
| 05 Wed | 10.00 a.m. | APC | Continuing Formation |
| | 04.30 p.m. | Palarivattom | Flag Hoisting - Feast of St. John Baptist |
| 06 Thurs | | | CONT.FORM PRIEST |
| | 04.30 p.m. | Ernakulam | Jeevanaadam Board Meeting |

| | | | |
|---|---|---|---|
| 07 Fri | 11.20 a.m.<br>03.00 p.m.<br>06.00 p.m. | Bishop's House<br>Bishop's House<br>Kumbalanghy | Press Conference on Research Institute<br>Torch Rally- CSS<br>Flag Hoisting - Mass-Sermon at St. Mary's Azheekakam |
| 08 Sat | 09.00 a.m.<br>12.00 noon<br>02.00 p.m.<br>06.30 p.m. | Manjummel<br><br>Veli Jubilee<br>Ezhupunna | Feast Mass at Monastery Church<br>Blessing of Kunjumon's House<br>Gift distribution to Kids - Social Service Society<br>Feast Mass - Immaculate Conception |
| 09 Sun | <br>10.00 a.m.<br>03.00 p.m.<br>06.30 p.m. | <br>Edacochin<br>FortCochin<br>Marine Drive | LATIN CATHOLIC DAY<br>Festal Mass at St. Mary's<br>Cottolengo Special School Day<br>Convention - CSS - 10th Year |
| 10 Mon | 09.00 a.m.<br>03.00 p.m.<br>06.00 p.m. | Aluva<br>Kumbalanghy<br>Ernakulam | Seminary Commission<br>Diaconate Ordination - S.H. Fathers - St. George's<br>KRLCBC at Latin Abp. House |
| 11 Tue | <br>08.00 a.m. | POC<br>Aluva | KCBC<br>Class at Carmelgiri |
| 12 Wed | | POC | KCBC |
| 13 Thurs | <br>04.00 p.m. | POC<br>Ernakulam | KCBC<br>Jeevanaadam Board Meeting |
| 14 Fri | 10.00 a.m. | Ernakulam | Priests Orientation Camp - KLM at Ashirbhavan |





| | | | |
|---|---|---|---|
| 15 Sat | 07.00 a.m.<br>05.00 p.m. | FortCochin<br>Gama Heritage | Pastoral Visit - Mt. Carmel Petit Seminary<br>Seminar on History of Fort Cochin |
| 16 Sun | 11.00 a.m.<br>03.00 p.m.<br>06.30 p.m. | Perumpadappu<br><br>Basilica P.H. | Friends Charity at S. Cruz Church<br>Samudaya Convention at APC<br>X'Mas message to Carol Singers |
| 17 Mon | 09.00 a.m.<br>04.00 p.m. | Bishop's House<br>Perumpadappu | Meeting People<br>Fatima Hospital Board Meeting |
| 18 Tue | <br>06.30 p.m. | Aluva<br>Cheriyakadavu | Class at Carmelgiri<br>Mass - Nativity Convent |
| 19 Wed | 06.30 p.m. | Perumpadappu | Mass - Infant Jesus Convent |
| 20 Thurs | 09.00 a.m.<br>03.00 p.m.<br>05.00 p.m. | Bishop's House<br>Thoppumpady<br>Ernakulam | Meeting People<br>Ann. Celebration of Legion of Mary at Cath. Centre<br>Jeevanaadam Board Meeting |
| 21 Fri | 09.00 a.m. | Bishop's House | Office Work |
| 22 Sat | 11.30 a.m.<br>07.00 p.m. | Bishop's House<br>Bishop's House | Priests & Religious - X'Mas Meet<br>Community Leaders - X'Mas Meet |
| 23 Sun | 08.00 a.m.<br>03.00 p.m. | Arasupuram<br>Thoppumpady | Mass-50th Year of Chapel- St. George's<br>KLCA-Education Scholarship Distribution - Catholic Centre |

| | | | |
|---|---|---|---|
| 24 Mon | 09.00 a.m.<br>04.00 p.m.<br>11.45 p.m. | Bishop's House<br>Perumpadappu<br>Basilica | Meeting People<br>Fatima Hospital Board Meeting<br>Vigil Mass |
| 25 Tue | | | X'MAS |
| 26 Wed | 11.00 a.m.<br>03.30 p.m. | Basilica<br>N. Kumbalanghy | Marriage Blessing<br>Te Deum - Fr. Pius' Jubilee |
| 27 Thurs | 09.00 a.m.<br>10.00 a.m.<br>04.30 p.m.<br>07.00 p.m. | Amaravathy<br>Perumpadappu<br>Ernakulam<br>Bishop's House | Marriage Blessing<br>Jubilee Inauguration of Carmelite Fathers<br>Jeevanadam Board Meeting<br>Samudaya Kariyalayam Meet |
| 28 Fri | 09.00 a.m.<br>05.00 p.m. | Bishop's House<br>Poomkavu | Office Work<br>Blessing of the renovated Church with Mass |
| 29 Sat | 11.00 a.m.<br>03.00 p.m.<br>06.00 p.m. | APC<br>BH. Chapel<br>FortCochin | Vanithasangamam<br>Confirmation<br>Christmas Carol at YMCA |
| 30 Sun | 09.30 a.m.<br>11.30 a.m.<br>03.30 p.m.<br>05.30 p.m. | Mundamvely<br>Kumbalanghy<br>Amaravathy<br>Chellanam | Feast Mass - St. Jacob's<br>Marriage Blessing - St. Peter's<br>Group Marriage - Ss. Peter & Paul<br>Public Meeting-Fr. Pius pazherikal |
| 31 Mon | 09.00 a.m.<br>10.30 a.m.<br>04.00 p.m.<br>06.00 p.m. | Bishop's House<br>Nettur<br>Perumpadappu<br>Basilica | Meeting People<br>Marriage Blessing<br>Fatima Hospital Board Meeting<br>Fatima Feast Mass |





# FROM THE BISHOP'S DIARY

## NOVEMBER 2007

| Date | Time | Purpose |
|---|---|---|
| 2nd Fri | 03.00 p.m.<br>04.00 p.m. | Jeevanaadam Board Meeting<br>Fatima Hospital Board Meeting |
| 6th Tue | 03.00 p.m. | Mass - Conclusion of Retreat - Akashaparavakal at APC |
| 8th Thu | 04.00 p.m. | Jeevanaadam Board Meeting |
| 9th Fri | 06.30 p.m. | Inauguration KCSL Leadership Training Camp at APC |
| 12th Mon | 4.00 p.m. | Fatima Hospital Board Meeting |
| 15th Thu | 06.00 a.m.<br>03.00 p.m. | Mass at Cottolengo<br>Blessing of Rice Shops at Thevara - College |
| 19th Mon | 04.00 p.m. | Fatima Hospital Board Meeting |
| 20th Tue | 04.00 p.m.<br>06.30 p.m. | Fatima Hospital Board Meeting<br>Mass-Message - Poor House S. Heart Kumbalanghy |
| 25th Sun | 10.00 a.m. | KLCA Election - Meeting at B.H. |
| 26th Mon | 04.00 p.m. | Fatima Hospital Board Meeting |
| 27th Tue | 06.00 p.m. | Core Group |
| 28th Wed | 06.15 p.m. | Bible Convention - St. George's Kumbalanghy - Inauguration |
| 30th Fri | 09.30 a.m.<br>03.30 p.m. | Avila College Seminar Inauguration<br>Coordination Committee |



# പിന്നാമ്പുറം

## ക്രിസ്തുമസ്

റവ. ഫാ. ജോൺസൺ തൗണ്ടയിൽ

സകല ജനത്തിനുംവേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയുമായി ക്രിസ്മസ് ആഗതമാകുന്നു. രക്ഷകനെ സ്വീകരിക്കുവാൻ ആന്തരികവും ബാഹ്യവുമായി നാം ഒരുങ്ങേണ്ടിയിരിക്കുന്നു. നൂറ്റാണ്ടിന്റെ കാത്തിരിപ്പാണ് ക്രിസ്തുവിന്റെ ജനനത്തോടെ പൂവണിഞ്ഞത്. ഏറ്റവും പരിശുദ്ധമായ വികാരങ്ങളോടെ ഈ വലിയ ഓർമ്മ പുതുക്കുവാൻ നമുക്കാവണം.

ദൈവം ഭക്തനെ സഹായിക്കുവാൻ എത്തുക എന്നത് എല്ലാ മതങ്ങളും ഒരുപോലെ കാത്തുസൂക്ഷിക്കുന്ന വിശ്വാസമാണ്. ഇസ്രായേലിന്റെ ചരിത്രമാവട്ടെ ദൈവത്താൽ നയിക്കപ്പെടുകയും രൂപീകരിക്കപ്പെടുകയും ചെയ്ത ഒരു ജനതയുടെ കഥയാണ് പറയുന്നത്. ദൈവവും മനുഷ്യനുമായുള്ള ബന്ധം നഷ്ടമാകുന്നിടത്തുതന്നെ രക്ഷയുടെ വാഗ്ദാനവും നാം കാണുന്നുണ്ട് (ഉൽ. 3:5). തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യൻ തെറ്റുചെയ്ത് തന്നിൽനിന്നും അകന്നുപോയപ്പോഴും അവനെ ഉപേക്ഷിക്കുവാൻ ദൈവം തയ്യാറാകുന്നില്ല. അത്ഭുതകരമായ ഇടപെടലുകളിലൂടെ ദൈവം തന്റെ സാന്നിധ്യം മനുഷ്യനെ അറിയിച്ചു കൊണ്ടേയിരുന്നു. ഈജിപ്തിന്റെ കഷ്ടതയിൽനിന്ന് അത്ഭുതകരമായി തന്റെ ജനത്തെ മോചിപ്പിച്ച ദൈവം മനുഷ്യകുലത്തോടുള്ള തന്റെ സ്നേഹം പ്രകടമാക്കുകയും ഉടമ്പടി വഴി അത് മുദ്രവെയ്ക്കുകയും ചെയ്തു. എങ്കിലും സുഖസൗകര്യങ്ങളുടെ മദ്ധ്യേ ദൈവത്തെ ബോധപൂർവ്വം മറന്നു കളഞ്ഞ് സ്വന്തം വേദനകൾ





വിളിച്ചു വരുത്തിയ ഒരു ജനതയുടെ കഥകൂടിയാണ് ഇസ്രായേലിന്റേത്.

പരാജയങ്ങളുടെയും കഷ്ടതകളുടെയും നടുവിലാണ് പഴയ നിയമ ജനത തങ്ങളുടെ ദൈവത്തെ യഥാർത്ഥത്തിൽ തിരിച്ചറിഞ്ഞത്. ബാബിലോണിൽ അടിമകളായി കഴിഞ്ഞ കാലത്താണ് ദൈവത്തിന്റെ വരവിനുവേണ്ടി അവർ കരഞ്ഞു പ്രാർത്ഥിച്ചതും. തങ്ങൾക്ക് ആശ്രയമായി കൂടെ ഉണ്ടാകുമെന്നു കരുതിയ രാജാവ് നഷ്ടമായപ്പോൾ തങ്ങളെ നയിക്കുവാൻ പോന്ന ഒരു ദൈവ പുരുഷനുവേണ്ടി അവർ ആത്മാർത്ഥമായി ആഗ്രഹിച്ചു. നിന്റെ ദൈവമായ കർത്താവ് നിന്റെ സഹോദരന്മാരുടെ ഇടയിൽനിന്ന് എന്നെപ്പോലുള്ള ഒരു പ്രവാചകനെ നിനക്കുവേണ്ടി അയയ്ക്കും (നിയ. 18, 15) എന്ന വാഗ്ദാനത്തിന്റെ പൂർത്തീകരണമായിരുന്നു അവർ ആഗ്രഹിച്ചത്. ദൈവത്താൽ അയയ്ക്കപ്പെടുന്ന ഒരുവൻ എന്നതിനപ്പുറം ഈ ചിന്തകൾക്ക് വലിപ്പമൊന്നും ഇല്ലായിരുന്നു. ദൈവം തന്നെ തന്റെ ജനതയുടെ രക്ഷയ്ക്കായി ചരിത്രത്തിലേയ്ക്ക് ഇറങ്ങിവരുമെന്നു പൂർണ്ണ അർത്ഥത്തിൽ വിശ്വസിക്കുവാൻ അവർക്ക് ഒരിക്കലും കഴിഞ്ഞില്ല എന്നതാണു സത്യം. ദൈവമേ എന്നെ രക്ഷിക്കേണമേ! വെള്ളം എന്റെ കഴുത്തോളം എത്തിയിരിക്കുന്നു. കാലുറയ്ക്കാത്ത ആഴമുള്ള ചേറിൽ ഞാൻ താഴുന്നു (സങ്കീ. 69, 1–2) എന്ന ഭക്തന്റെ പ്രാർത്ഥന ഒരു ജനതയുടെ മുഴുവൻ സ്വരമാണ്.

യുഗങ്ങളായുള്ള മനുഷ്യകുലത്തിന്റെ പ്രാർത്ഥനയ്ക്കും കണ്ണുനീരിനും ഉത്തരം നൽകികൊണ്ട് ദൈവം മനുഷ്യനായി അവതരിച്ചു. മനുഷ്യരോടൊത്തുള്ള ദൈവസാന്നിധ്യത്തിന്റെ പൂർണ്ണതയാണ് ക്രിസ്തു. ദൈവം തന്നെതന്നെ മനുഷ്യകുലത്തിനു വെളിപ്പെടുത്തിയതിന്റെ സമ്പൂർണ്ണത. ഒരിക്കൽ നഷ്ടമായ ദൈവമനുഷ്യബന്ധം പുനഃസ്ഥാപിക്കുവാൻ വേണ്ടി സ്വന്തം പുത്രനെയാണ് ലോകത്തിനു നൽകിയത്. ലോകത്തെ ദൈവം അത്രയേറെ സ്നേഹിച്ചു. ഈ പങ്കുവെയ്പ് മനുഷ്യകുലത്തിന് പുതിയ ഉണർവ്വായി മാറി. ഇരുളിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം വീശുവാനും സമാധാന

ത്തിന്റെ മാർഗ്ഗത്തിലേയ്ക്ക് നമ്മുടെ പാദങ്ങളെ നയിക്കുവാനും വേണ്ടിയാണ് (ലൂക്കാ 1, 79) അവിടുന്ന് മനുഷ്യനായി പിറന്നത്. ക്രിസ്തുമസ്സിന്റെ സന്ദേശവും മറ്റൊന്നുമല്ല. മരണസംസ്കാരത്തിൽനിന്ന് ജീവനിലേയ്ക്കും അസമാധാനത്തിൽനിന്നും സമാധാനത്തിലേയ്ക്കുമുള്ള പ്രയാണമാണ് ക്രിസ്തു സംഭവം. അടിമത്തത്തിന്റെയും വേദനയുടെയും നടുവിൽ വിശ്വാസപൂർവ്വം ദൈവത്തിന്റെ വരവിനായി പ്രാർത്ഥിച്ചു പൂർവ്വീകർ ആഗ്രഹിച്ചതും സമാധനപൂർവ്വകമായ ഒരു ജീവിതമാണ്. നമ്മുടെ നാടും വീടും കൂടുതൽ സമാധാനാന്തരീക്ഷത്തിലേയ്ക്ക് വളരുമ്പോൾ മാത്രമാണ് ക്രിസ്തുമസ് അർത്ഥപൂർണ്ണമാകുന്നത്. വിശ്വാസത്തെ മുറുകെ പിടിച്ച് നമ്മോടുകൂടെയായിരിക്കുന്നവരെ സ്നേഹപൂർവ്വം പരിചരിക്കുവാൻ നമുക്ക് ഓരോരുത്തർക്കും കടമയുണ്ട്. നമ്മുടെ സമൂഹത്തിന്റെ സുസ്ഥിതിയിൽ പങ്കുകാരാകുവാനുള്ള വലിയ വിളിയാണ് നമുക്കുള്ളതെന്ന് ഈ കാത്തിരിപ്പ് നമ്മെ ഓർമ്മപ്പെടുത്തുന്നു.

പ്രവാസികളായി ജീവിക്കേണ്ടി വന്നപ്പോഴെല്ലാം പ്രവാചകന്മാർ ഇസ്രായേലിനോട് പറഞ്ഞു പഠിപ്പിച്ചത് അവരുടെ വേദനയുടെ കാരണം അവർ തന്നെയാണെന്നാണ്. ദൈവത്തിന്റെ മാർഗ്ഗത്തിൽനിന്നും അവർ മാറി നടന്നു എന്നതാണ് സർവ്വ വേദനയുടെയും കാരണമായിത്തീർന്നത്. നമുക്കാവശ്യമുള്ളതെല്ലാം ദൈവം പ്രദാനം ചെയ്തു. അവിടുന്ന് നൽകിയ സമൃദ്ധി നഷ്ടപ്പെടുത്തി നാം തിരസ്കൃതരും പാപികളുമായി ത്തീർന്നു. എന്റെ മുന്തിരിത്തോട്ടത്തിനുവേണ്ടി ഞാൻ ചെയ്തതിലേറെ എന്താണ് ചെയ്യേണ്ടിയിരുന്നത് ? (ഏശയ്യ 5, 3) എന്ന ചോദ്യം ഈ അവസരത്തിൽ നമ്മോട് ഓരോരുത്തരോടുമായുള്ള ദൈവത്തിന്റെ സ്വരമാണ്. നീ തിരിച്ചുവരുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ എന്റെ അടുക്കലേയ്ക്കു വരിക (ജെറ. 4,1) എന്ന് അവിടുന്ന് നമ്മെ ക്ഷണിക്കുന്നു. ഈ ആഗമനകാലം കർത്താവിന്റെ അടുക്കലേയ്ക്ക് മടങ്ങിപ്പോകുന്നതിനുള്ള അവസരമാക്കി നമുക്കു മാറ്റാം.





ദൈവദർശനം പ്രതീക്ഷിച്ചിരുന്നവരെല്ലാം പ്രാർത്ഥനാപൂർവ്വം ഒരുങ്ങുന്നതും നാം ബൈബിളിൽ വായിക്കുന്നുണ്ട്. ഇസ്രായേലുമായി പുതിയൊരു ഉടമ്പടി സ്ഥാപിക്കാൻ ദൈവം സീനായ് മലയിൽ ആഗതനാകുന്നു എന്നറിഞ്ഞ് ജനം വ്രതശുദ്ധിയോടെ കാത്തിരുന്നു. ദൈവഹിതം തിരയുന്ന എല്ലാ വ്യക്തികളിൽനിന്നും വ്രതശുദ്ധി അവിടുന്ന് ആഗ്രഹിക്കുന്നുണ്ട്. ഒരുക്കമുള്ള ഹൃദയത്തോടുകൂടെ മാത്രമേ നമുക്ക് ദൈവത്തെ ശ്രവിക്കുവാനും ദർശിക്കുവാനും കഴിയുകയുള്ളൂ. കർത്താവ് നമ്മെ അറിയിച്ച സംഭവം നമുക്കു കാണാം എന്നു പറഞ്ഞുകൊണ്ടാണ് ഇടയന്മാർ ബെത്‌ലേഹെമിലേക്കു പുറപ്പെട്ടത്. നിഷ്ക്കളങ്കരായ ഇടയരെ പിൻചെന്ന് കർത്താവ് നമുക്കായി വാഗ്ദാനം ചെയ്ത രക്ഷ അന്വേഷിച്ചിറങ്ങുവാനുള്ള സമയമാണിത്. ബാഹ്യമായ ആചാരാനുഷ്ഠാനങ്ങൾക്കപ്പുറം ആന്തരീകമായ നവീകരണത്തിന്റെ ദിനങ്ങളായി ഈ ആഗമനകാലം നാം പ്രയോജനപ്പെടുത്തണം. മോശ തന്റെ ജനത്തെ കർത്താവിനുവേണ്ടി ശുദ്ധീകരിച്ച് ഒരുക്കിയതുപോലെ സഭ തന്റെ മക്കളെ ഒരുക്കുന്ന പ്രത്യാശയുടെ നാളുകളാണ് ആഗതമാകുന്നത്. കർത്താവിനെ ജനങ്ങൾ വിളിച്ചപേക്ഷിക്കുവാനും ഏകമനസ്സോടെ അവിടുത്തേയ്ക്ക് ശുശ്രൂഷ ചെയ്യുവാനും വേണ്ടി അവിടുന്ന് അവരുടെ അധരങ്ങൾ ശുദ്ധീകരിക്കും (സെഫാനിയ 3, 9). പ്രത്യേകമായ ഭക്തകൃത്യങ്ങളോടും ഒരുക്കമുള്ള കുമ്പസാരത്തോടും വ്രതനിഷ്ഠകളോടും കൂടെത്തന്നെ നമുക്കും കർത്താവിന്റെ വരവിനായി ഒരുങ്ങാം.

ദൈവം മനുഷ്യചരിത്രത്തിൽ ഇടപെട്ട നിമിഷങ്ങളെല്ലാം വലിയ ഓർമ്മയുടെ തിരുനാളുകളായാണ് ജനം ആഘോഷിച്ചിരുന്നത്. ഇസ്രായേലിന്റെ എല്ലാ തിരുനാളുകൾക്കു പിന്നിലും ദൈവത്തിന്റെ ശക്തമായ ഇടപെടൽ നമുക്കു ദർശിക്കാനാവും. ഫിലിസ്ത്യരുടെ കരങ്ങളിൽനിന്നും വാഗ്ദത്തപേടകം തിരികെ കിട്ടിയപ്പോൾ കർത്താവിന്റെ മുന്നിൽ പാട്ടുപാടി നൃത്തം ചവിട്ടുന്ന ദാവീദുരാജാവിനെ നാം കാണുന്നുണ്ട് (2 സാമു. 6, 5). തങ്ങളുടെ ഇടയിലേയ്ക്ക് നഷ്ടപ്പെട്ടു എന്നു കരുതിയ ദൈവസാന്നിധ്യം